# അനുബന്ധങ്ങൾ


| | |
|---|---|
| അനുബന്ധം 1 | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം |
| അനുബന്ധം 2 | വിലയിരുത്തൽ സമീപനം |
| അനുബന്ധം 3 | ടീച്ചർ പ്ലാനർ |
| അനുബന്ധം 4 | മോണിറ്ററിംഗ് |
| അനുബന്ധം 5 | പാഠാസൂത്രണ ചെക്ക്‌ലിസ്റ്റ് |
| അനുബന്ധം 6 | ക്ലാസ്റൂം വിനിമയ നിരീക്ഷണരേഖ |

**അനുബന്ധം 1**

# നിരന്തരമൂല്യനിർണയം, മോണിറ്ററിംഗ്
# പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം - ചർച്ചാക്കുറിപ്പ്

നവകേരള സൃഷ്ടിയിൽ വിദ്യാഭ്യാസത്തിന് ഗണനീയമായ സ്ഥാനമാണ് ഉള്ളത്. ഇക്കാര്യം തിരിച്ചറിഞ്ഞ് സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിക്കുകയാണ്. വിദ്യാഭ്യാസ രംഗത്തെ ഒന്നാം തലമുറ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. രണ്ടാംതലമുറ പ്രശ്നമായ ഗുണമേന്മാവിദ്യാഭ്യാസമാണ് ഇനി നമുക്ക് കൈവരിക്കാനുള്ള പ്രധാന ലക്ഷ്യം.

ക്ലാസ് മുറിക്കകത്ത് തുല്യതയും നീതിയും ഉറപ്പാക്കികൊണ്ട് മികവിന്റെ കേന്ദ്രങ്ങളായി പൊതുവിദ്യാലയങ്ങളെ എങ്ങിനെ മാറ്റാം എന്നതാണ് നാം ഏറ്റെടുക്കേണ്ട വെല്ലുവിളി. ഇത് പ്രകാരം ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി എല്ലാവർക്കും തുല്യ അവസരങ്ങൾ പ്രദാനം ചെയ്ത് കഴിവുകളെ പരമാവധി ഉയർത്തുക എന്നതാണ് നാം ഏറ്റെടുക്കേണ്ട അക്കാദമിക ദൗത്യം. വിദ്യാഭ്യാസ പ്രക്രിയ വിദ്യാർത്ഥി കേന്ദ്രീകൃതമാകണമെങ്കിൽ അതിൽ അധ്യാപകന്റെ പങ്ക് അതിനിർണായകമാണ്. അധ്യാപകനും വിദ്യാർത്ഥിയോടൊപ്പം കേന്ദ്രസ്ഥാനത്ത് തന്നെ ഉണ്ടാകണം. അതുകൊണ്ടുതന്നെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിജയം നിർണയിക്കുന്നതിൽ പരമപ്രധാന പങ്ക് അധ്യാപകന്റേതാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കേരളത്തിന്റെ ഒരു വികാരമാക്കി മാറ്റാൻ എങ്ങനെ കഴിയും എന്ന ആലോചനയാണ് ഉണ്ടാകേണ്ടത്. ചില കാര്യങ്ങൾ ഇതിനകംതന്നെ ആരംഭിച്ചു കഴിഞ്ഞു. ഇതുസംബന്ധിച്ച് താഴെപ്പറയുന്ന പ്രഖ്യാപനങ്ങളും സർക്കാർ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നാൽ കേരളത്തിലെ മുഴുവൻ സ്കൂളുകളും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതും കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും അതിന്റെ പ്രയോജനം ലഭിക്കുക എന്നതുമാണ്. ഈ അടിസ്ഥാനത്തിൽ വേണം സർക്കാർ പ്രഖ്യാപനങ്ങളെ കാണാൻ.

ഇതോടൊപ്പം പ്രധാനമാണ് സർക്കാരിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികളുടെ ഭാഗമായി ഇപ്പോൾ നടന്നുവരുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളെ പൂർണതോതിൽ പ്രയോജനപ്പെടുത്തുകയെന്നത്. പഞ്ചായത്തുകളുടെ നേതൃത്വത്തിൽ അടുത്ത വർഷത്തേക്കുള്ള പദ്ധതി ആസൂത്രണപ്രക്രിയ അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ഇക്കാര്യത്തിലും കൃത്യമായ ധാരണയുടെ അടിസ്ഥാനത്തിൽ ഇടപെടലുകൾ ഉണ്ടാകണം. ഇത്തരത്തിലുള്ള പൊതു ധാരണയുടെ അടിസ്ഥാനത്തിലാകണം തുടർന്നങ്ങോട്ട് ഈ രേഖയിൽ പരാമർശിച്ചിട്ടുള്ള പദ്ധതികളെ സമീപിക്കേണ്ടത്.

## ■ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം

- ലോകത്തെവിടെയുമുള്ള നിശ്ചിത പ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും ശേഷിയും ധാരണകളും കേരളത്തിലെ സമാനപ്രായക്കാരും നേടി എന്നുറപ്പാക്കുക എന്നാണ് ഇതിനർഥം. ഇതിനായി എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാകേണ്ടതുണ്ട്.
- മത്സര ലോകത്തിൽ അതിജീവിക്കാൻ ആവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജിക്കുന്നതോടൊപ്പം മതനിരപേക്ഷത, ജനാധിപത്യബോധം, തുല്യത, സഹവർത്തിത്വം, സഹകരണം, അനുതാപം തുടങ്ങിയ ജനാധിപത്യ മൂല്യങ്ങൾ ഉളവാകാൻ സഹായകമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കേണ്ടതുണ്ട്.

- കുട്ടികളുടെ ചിന്താശേഷി വർദ്ധിപ്പിക്കാൻ ഉതകുംവിധം പ്രക്രിയാധിഷ്ഠിത പഠനത്തിന് പ്രാധാന്യം നൽകേണ്ടതുണ്ട്. അങ്ങനെവന്നാൽ അന്വേഷണാത്മക പഠനത്തിനും വിമർശനാത്മക ചിന്തയ്ക്കും വിശകലനശേഷി പോഷണത്തിനും പരമാവധി അവസരങ്ങളുണ്ടാകണം.
- പഠിതാക്കളെ നിരന്തരം വിലയിരുത്തി അവരുടെ പഠനതടസ്സങ്ങൾ മറികടക്കാൻ സഹായിക്കുന്ന സുതാര്യമായ വിലയിരുത്തൽ രീതി അവലംബിക്കേണ്ടതുണ്ട്.
- അന്താരാഷ്ട്രനിലവാരമുള്ള വിദ്യാഭ്യാസം ഒരുക്കുന്നതിന് അധ്യാപകർക്ക് അനുയോജ്യമായ പരിശീലനം അനിവാര്യമാണ്.
- ഫീൽഡ് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതിയും പാഠപുസ്തകവും മറ്റ് പഠനോപാധികളും നിരന്തരം മെച്ചപ്പെടുത്തി ഗുണമേ  ഉറപ്പാക്കേണ്ടതുണ്ട്.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകളെല്ലാം പഠനപ്രവർത്തനത്തിനായി വിനിയോഗിക്കണം. ക്ലാസ്മുറികൾ ആധുനികവത്കരിക്കും. ആധുനിക ഉപകരണങ്ങളോടൊപ്പം കുട്ടിയുടെ പ്രായത്തിനനുയോജ്യമായ ഇ-കണ്ടന്റ് വികസിപ്പിക്കേണ്ടത് അനിവാര്യമാണ്.
- അക്കാദമികമായി വരുത്തേണ്ട മാറ്റങ്ങൾക്ക് അനുസൃതമായി ഭൗതിക പരിസരത്തിന്റെ ഗുണമേ യും ആവശ്യാനുസരണം വർദ്ധിക്കേണ്ടതുണ്ട്.
- വിദ്യാലയങ്ങൾക്കും അധ്യാപകർക്കും സ്വയം വിലയിരുത്താൻ പർഫോമൻസ് ഇൻഡിക്കേറ്റേഴ്സ് വികസിപ്പിക്കും.
- തദ്ദേശഭരണ സ്ഥാപനം, നിയോജക മണ്ഡലം തലങ്ങളിൽ അക്കാദമിക പ്രവർത്തനങ്ങൾ വിലയിരുത്താൻ സമിതികൾ രൂപീകരിക്കും.
- വിദ്യാലയങ്ങളുടെ നിലവാര പുരോഗതി ഓൺലൈനായി ശേഖരിക്കും.
- അന്താരാഷ്ട്രനിലവാരമുള്ള വിദ്യാഭ്യാസം ഒരുക്കുന്നതിന് അധ്യാപകർക്ക് അനുയോജ്യമായ പരിശീലനം നൽകും. അധ്യാപക പരീശീലനത്തിന് സമയബന്ധിതമായ ഹ്രസ്വകാല, ദീർഘകാല പാക്കേജ് തയ്യാറാക്കും.
- ഫീൽഡ് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതിയും, പാഠപുസ്തകവും മറ്റ് പഠനോപാധികളും നിരന്തരം മെച്ചപ്പെടുത്തി ഗുണമേ  ഉറപ്പാക്കും. കുട്ടികൾക്ക് യഥേഷ്ടം ഉപയോഗിക്കാവുന്ന വിധത്തിലുള്ള ഫർണിച്ചർ, ഡിജിറ്റൽ ഉപകരണങ്ങൾ, ലൈബ്രറി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ (ടോയ്‌ലറ്റ്, കുടിവെള്ളം) ഇവയൊക്കെ ക്രമീകരിച്ച ക്ലാസ് മുറിയാണ് നാം വിഭാവനം ചെയ്യുന്നത്.
- പഠനപ്രവർത്തനങ്ങളിലേർപ്പെടാനും, പുതിയ കാര്യങ്ങൾ പഠിക്കാനും സഹായകരമായ പഠന ഉപകരണങ്ങൾ ഇവിടെ സജ്ജീകരിക്കാം.
- ക്ലാസ്പരിസരം ഏതെല്ലാം രീതിയിൽ വ്യത്യസ്ത രൂപഭാവങ്ങളോടെ ക്രമീകരിക്കാമെന്നത് വിദ്യാലയത്തിൽ ചർച്ചചെയ്യുകയും, നടപ്പാക്കുകയും വേണം. ഓരോ ക്ലാസും ഒന്നിനൊന്ന് മികച്ചതാക്കാൻ അധ്യാപകർ മുൻകയ്യെടുക്കണം.
- സ്കൂൾ കെട്ടിടവും ക്ലാസുകളും ആകർഷകവും ഉപയോഗയോഗ്യവുമായ രീതിയിൽ ക്രമീകരിക്കാൻ വിദഗ്ദ്ധരുടെ സഹായം അനിവാര്യമാണ്. നല്ല ധാരണയുള്ള ആർക്കിടെക്റ്റുകളുടെ സാങ്കേതിക പരിചയം ഇതിനായി ഉപയോഗിക്കണം.

- സ്കൂൾ അസംബ്ലി നടത്തുവാനുൾപ്പെടെ സൗകര്യങ്ങൾ എങ്ങിനെ ഒരുക്കാമെന്ന് ചർച്ചകൾ നടക്കണം.
- സ്കൂൾ അങ്കണം ഏതെല്ലാം രീതിയിൽ സ്ഥിരമായി അലങ്കരിക്കാമെന്നും - താല്ക്കാലിക സംവിധാനങ്ങൾ (ചിത്രങ്ങൾ/കടലാസുകൾ മുതലായവ) ഒരുക്കാമെന്നും ചർച്ച ചെയ്യണം.
- പ്രത്യേക പരിഗണന വേണ്ട കുട്ടികളുടെ ഭിന്നശേഷിസ്വഭാവം പരിഗണിച്ചുകൊണ്ട് അവർക്കനുയോജ്യമായ സൗകര്യങ്ങൾ ഒരുക്കണം.

## ■ സ്മാർട്ട് ക്ലാസ് റൂം

സെക്കന്ററി - ഹയർസെക്കന്ററി ക്ലാസ്മുറികളെല്ലാം സ്മാർട്ട് ക്ലാസ്മുറികളാക്കുമെന്ന പ്രഖ്യാപനം അതിന്റെ നടത്തിപ്പുഘട്ടത്തിലാണ്. ക്ലാസ്മുറി സ്മാർട്ട് ആക്കുമ്പോൾ അത് എങ്ങനെ കൂടുതൽ മെച്ചപ്പെടുത്താമെന്നും പഠനബോധന പ്രവർത്തനങ്ങളിൽ എങ്ങനെ അതിനെ വിനിയോഗിക്കണമെന്നും കൂടുതൽ ആഴത്തിൽ ആലോചിക്കേണ്ടിയിരിക്കുന്നു. അധ്യാപകരെന്ന നിലയിൽ നാം വഹിക്കേണ്ട പങ്ക് എന്തെന്ന കൃത്യമായ ധാരണ നമുക്ക് ഉണ്ടാകേണ്ടതുണ്ട്. അല്ലെങ്കിൽ കുറെ ഇലക്ട്രോണിക് ഉപകരണങ്ങൾ സ്കൂളിലെത്തി എന്നുള്ളതിനപ്പുറത്തേക്ക് ഈ പരിപാടി വളരില്ല. ഇത് കാര്യക്ഷമമായി നടപ്പിലാക്കാൻ നാം എന്തു ചെയ്യണം?

ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന് സ്വയം പ്രാപ്തി നേടുക (വിദ്യാലയാധിഷ്ടിത പരിശീലനമടക്കം ആലോചിക്കണം) എല്ലാ കുട്ടികളെയും ഐ.ടി. നൈപുണിയുള്ളവരാക്കി മാറ്റി സ്വയം പഠനശേഷി വികസിപ്പിക്കൽ, എല്ലാ വിഷയങ്ങളുമായും ബന്ധപ്പെട്ട് ഐ.ടി. വിഭവ ശേഖരം ഉണ്ടാക്കൽ, ഐ.ടി. അധിഷ്ഠിത വിഷയ പഠനരീതി സംബന്ധിച്ച് രക്ഷിതാക്കൾക്കും സമൂഹത്തിനും ധാരണ ലഭിക്കും വിധം പ്രദർശന ക്ലാസുകൾ സംഘടിപ്പിക്കൽ. കേരളത്തിലെ പൊതുവിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്കുയർത്തുന്നതിന്റ ഭാഗമായി 8 മുതൽ 12 വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഏകദേശം 45000 ക്ലാസ് മുറികളാണ് ഹൈടെക്കാക്കുക.

പൊതുവിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങൾ, അക്കാദമിക നിലവാരം, പഠനാന്തരീക്ഷം, ലാബ്, ലൈബ്രറി, പാഠ്യേതരപ്രവർത്തനങ്ങളിലെ മികവ് തുടങ്ങി വിദ്യാലയസംബന്ധിയായ സർവമേഖലകളും അന്താരാഷ്ട്രാനിലവാരം കൈവരുന്നതിന്റെ ഭാഗമായാണ് ക്ലാസ്റൂമുകളെയും ഹൈടെക് തലത്തിലേക്ക് ഉയർത്തുന്നത്. ഹാർഡ്‌വയർ ഉപകരണങ്ങൾ ലഭ്യമാക്കൽ പദ്ധതിയുടെ ഒരു ഘടകം മാത്രമാണ്. അടുത്ത അധ്യയന വർഷത്തോടെ (2017-18) പൂർത്തിയാകുന്നതാണ് ഈ പദ്ധതി.

പദ്ധതിയുടെ ഭാഗമായി ഭൗതിക-അക്കാദമിക ഡിജിറ്റൽ സംവിധാനങ്ങളും സൗകര്യങ്ങളും സർക്കാർ ഒരുക്കും. മുഴുവൻ അധ്യാപകർക്കും കമ്പ്യൂട്ടറിലുള്ള അടിസ്ഥാനപരിശീലനം, ഐ.സി.ടി. ഉപകരണങ്ങൾ പ്രവർത്തിപ്പിച്ചു ക്ലാസെടുക്കുന്നതിനുള്ള പരിശീലനം, ഓരോ വിഷയങ്ങളിലെയും ഐ.സി.ടി. അധിഷ്ഠിത അധ്യാപനത്തിനു പര്യാപ്തമായ ഉള്ളടക്കനിർമാണവും അതുമായി ബന്ധപ്പെട്ട സാങ്കേതിക വശങ്ങളുടെയും പരിശീലനം എന്നിവ നൽകുക.

## ■ കാമ്പസ് തന്നെ പാഠപുസ്തകം

- പഠനപ്രക്രിയയിൽ പരിസരത്തിന് അതിനിർണ്ണായകമായ സ്ഥാനമുണ്ട്. പഠനത്തെ ജീവിതഗന്ധിയും ജീവിതബന്ധിയും ആക്കണമെങ്കിൽ ഈ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തണം. അതുകൊണ്ട് പഠനം എന്നത് പാഠപുസ്തകത്തിനപ്പുറത്തേക്ക് വികസിപ്പിക്കാൻ കഴിയണം. കുട്ടിയുടെ പഠന പ്രക്രിയയുടെ ഭാഗമായി സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കാം.

- സംസ്ഥാനത്ത് പതിനായിരം ഇടങ്ങളിൽ  സ്കൂളുകളുമായി ബന്ധിപ്പിച്ച് ജൈവ വൈവിധ്യ ഉദ്യാനങ്ങൾ ഉണ്ടാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ജൈവ വൈവിധ്യ ഉദ്യാനങ്ങൾ പരിസ്ഥിതി പാഠശാലകൾക്കപ്പുറം കുട്ടികളുടെ പഠന കേന്ദ്രങ്ങളും ജൈവമായ റഫറൻസ് ലൈബ്രറിയും കൂടിയായി മാറ്റാൻ കഴിയും. പാഠ്യപദ്ധതി പ്രവർത്തനങ്ങളുമായി ജൈവ വൈവിധ്യ ഉദ്യാനത്തെ ബന്ധിപ്പിക്കാൻ കഴിയണം.
- രണ്ട് മുതൽ എട്ട് വരെ ക്ലാസിലെ കുട്ടികൾക്ക് പ്രകൃതിപഠന പ്രവർത്തനപുസ്തകം തയ്യാറാ ക്കി നൽകുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പുസ്തകത്തെ കേന്ദ്രീകരിച്ചുള്ള വൈവിധ്യമാർന്ന എന്തെല്ലാം പരിപാടികൾ ആവാമെന്ന് ആലോചിക്കണം. പ്രശ്നോത്തരി, സംവാദ സദസ്സുകൾ, സെമിനാറുകൾ, പ്രകൃതിപഠന ക്യാമ്പുകൾ, സഹവാസ ക്യാമ്പുകൾ, അവധിക്കാല പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്യണം.
- സാങ്കേതികവിദ്യാ സാധ്യതകൾ എല്ലാ ഘട്ടത്തിലും പ്രയോജനപ്പെടുത്താൻ കഴിയണം.
- പഠന പരിസരത്തെ ഓരോ വസ്തുവും - അത് ജീവനുള്ളതാകാം ഇല്ലാത്തതാകാം - പഠനത്തിനുള്ള ശ്രോതസ്സായി മാറണം. കൂടാതെ പ്രകൃതിയിലെ അതിസങ്കീർണ്ണമായ പാരസ്പര്യത്തേയും ബന്ധങ്ങളെയും ഈ ബന്ധങ്ങളെ സ്ഥായിയായി നിലനിർത്തുന്ന കാണാക്കണ്ണികളെയുംകുറിച്ച് കുട്ടിക്ക്  മനസ്സിലാക്കാനുള്ള അവസരങ്ങൾ ഉണ്ടാകണം. ഇതിന് കഴിയണമെങ്കിൽ ഓരോ പ്രദേശത്തിന്റെയും ഭൂഘടന, കാലാവസ്ഥ, സസ്യജന്തുവൈജാത്യവും വൈവിധ്യവും, ഇവയെല്ലാം പരിഗണിച്ച് ഓരോ നാട്ടിനും അവിടത്തെ പ്രകൃതിക്കും ഇണങ്ങിച്ചേരുന്ന മാതൃകായിടങ്ങൾ ഓരോസ്ഥാപനത്തിന്റെയും സാധ്യതയ്ക്കനുസരിച്ച് വികസിപ്പിക്കണം. സംസ്ഥാനത്ത് പതിനായിരം ഇടങ്ങളിൽ സ്കൂളുകളുമായി ബന്ധിപ്പിച്ച് ഇത്തരം മാതൃകാ തുരുത്തുകൾ ജൈവ വൈവിധ്യ ഉദ്യാനങ്ങൾ എന്ന നിലയിൽ സൃഷ്ടിക്കും. ഈ ജൈവ വൈവിധ്യ ഉദ്യാനങ്ങൾ പരിസ്ഥിതി പാഠശാലകൾക്കപ്പുറം കുട്ടികളുടെ പഠന കേന്ദ്രങ്ങളും ജൈവമായ റഫറൻസ് ലൈബ്രറിയും കൂടിയായിരിക്കും. പാഠ്യപദ്ധതി പ്രവർത്തനങ്ങളുമായി ജൈവ വൈവിധ്യ ഉദ്യാനത്തെ ബന്ധിപ്പിക്കും.
- പഠനാനുഭവങ്ങളുടെ വൈവിധ്യത്തിനും മണ്ണിനെയും പ്രകൃതിയേയും ജൈവവൈവിധ്യങ്ങളെയും പരസ്പരം ബന്ധിപ്പിക്കാനും പഠനം ആനന്ദകരമാക്കാനും ഉപകരിക്കും.
- പ്രീ-പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെ പാഠ്യപദ്ധതിയുമായും പാഠപുസ്തകവുമായും ബന്ധിപ്പിക്കുന്ന തരത്തിൽ ജൈവ വൈവിധ്യ പാർക്ക് വിഭാവനം ചെയ്യണം. കുട്ടിക്കും പൊതുസമൂഹത്തിനും അനിവാര്യമായ ഒന്ന് എന്ന നിലയിൽ പൊതു ബോധം സൃഷ്ടിക്കപ്പെടണം. എങ്കിൽ മാത്രമാണ് പദ്ധതി വിജയകരമാകുന്നത്.
- പൂർണമായ ജനകീയ പങ്കാളിത്തമാണ് പദ്ധതിയുടെ വിജയത്തിന് അനിവാര്യമായ ഘടകം. പി.ടി.എ, അമ്മക്കൂട്ടം, അയൽക്കൂട്ടം, ക്ലബ്ബുകൾ, വായനശാലകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൂർവവിദ്യാർത്ഥി സമൂഹം, എൻ.ജി.ഒ കൾ, വനം വകുപ്പ്, സ്പൈസസ് ബോർഡ്, ജൈവ വൈവിധ്യ ബോർഡ്, കൃഷി വകുപ്പ്, കാർഷിക സർവകലാശാല ഉറവ് (വയനാട്) തുടങ്ങിയവയുടെ പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തണം.
- സ്ഥലപരിമിതി എന്ന വിഷയം, ജല ദൗർലഭ്യം എന്ന പ്രശ്നം ഒന്നും തന്നെ പദ്ധതി നടപ്പിലാക്കാൻ തടസ്സമല്ല. ചുരുങ്ങിയ സ്ഥലത്തും ജൈവവൈവിധ്യ പാർക്ക് സൃഷ്ടിക്കാം. ഗ്രോ ബാഗ്, ടെറസ്, സ്കൂൾ ഭിത്തിയുടെ അരിക്, ചെടിച്ചട്ടികൾ, മതിൽ മൂലകൾ ഇവയെല്ലാം  തെരഞ്ഞെടുക്കാം.

- പഞ്ചായത്തിലെ പൊതു ഇടം, പാതയോരങ്ങൾ, ലഭ്യമായ പൊതു ഇടങ്ങൾ എല്ലാം തന്നെ സമർത്ഥമായി ഉപയോഗിക്കാം. (സ്കൂളിലോ സ്കൂൾ പരിസരത്തോ സ്ഥലം ഇല്ലെങ്കിൽ മാത്രമാണ് ഈ സൗകര്യം തെരഞ്ഞെടുക്കേണ്ടതുള്ളൂ).
- അധ്യാപകർക്കും കുട്ടികൾക്കും പ്രകൃതി പഠന ക്യാമ്പുകൾ, മണ്ണറിവ്, മാതൃക ജൈവ വൈവിദ്യ പാർക്ക് സന്ദർശനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കണം. ഒരു പുതു അവ ബോധം സൃഷ്ടിക്കാനുതകുന്ന തരത്തിൽ സ്കൂൾതല പദ്ധതികൾ തയ്യാറാക്കണം.
- പദ്ധതിയുടെ തയ്യാറെടുപ്പിനൊപ്പം പ്രധാനപ്പെട്ടതാണ് സംരക്ഷണവും. വേനൽക്കാലത്ത് ഓരോ ചെടിയും സംരക്ഷിക്കാൻ ആവശ്യമായ തരത്തിൽ ആദ്യ രണ്ട് വർഷങ്ങളിൽ കരുതൽ ജലശേഖരം വേനൽക്കാലത്ത് ഉറപ്പു വരുത്തണം. ദീർഘകാല വൃക്ഷ ചെടികൾക്ക് ആദ്യ രണ്ടു വർഷത്തെ പൂർണശ്രദ്ധ ലഭിച്ചാൽ വേനലിനെ അതി ജീവിക്കും.
- രണ്ട് മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായുള്ള പ്രകൃതി പഠന പ്രവർത്തന പുസ്തകം അവധിക്കാല പരിശീലനത്തിൽ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും സ്കൂൾ തുറക്കുന്ന ദിവസം തന്നെ കുട്ടികൾക്ക് ലഭ്യമാക്കുകയും വേണം.
- ശാസ്ത്ര പഠനത്തിനുപുറമെ സാഹിത്യപഠനത്തിനും സാംസ്കാരിക പഠനത്തിനും ഉതകുന്ന തരത്തിൽ ജൈവവൈവിദ്ധ്യപാർക്കിനെ ഉപയോഗിക്കാം.
- സ്കൂൾ പരിസരം പാഠശാലയാകണമെങ്കിൽ ചുറ്റുമതിൽ ഉൾപ്പെടെ സർഗ്ഗപരമായി കാണാൻ കഴിയണം. ഇരിപ്പിടങ്ങൾ മരത്തണൽ ക്ലാസുകൾ എന്നിവ ക്രമീകരിച്ച് കുട്ടികൾക്ക് പഠന സൗകര്യമൊരുക്കാൻ അധ്യാപകർ നിരന്തരം ഇടപെടേണ്ടതുണ്ട്.
- സ്കൂളിന്റെ ഓരോ കോണും പഠനപരവും സർഗ്ഗപരവുമായ ചിന്തകൾ ഉണർത്താൻ കഴിയുംവിധം പുനഃസൃഷ്ടിക്കേണ്ടതുണ്ട്.

## ■ നിലവാരമുള്ള അധ്യാപക പരിശീലനം

- പൊതുവിദ്യാഭ്യാസം ഗുണമേ യിലും സാമൂഹിക നീതിയിലും അധിഷ്ഠിതമായി പുനർനിർമ്മിക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് അധ്യാപകർ. ഇപ്പോൾ വിഭാവനം ചെയ്ത പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സ്കൂൾ വിദ്യാഭ്യാസത്തിൽ, വിദ്യാലയ സങ്കൽപ്പത്തിൽ, അവിടെ നടക്കുന്ന പഠന പ്രവർത്തനങ്ങളിൽ സമഗ്രമായ പരിവർത്തനമാണ് വിഭാവനം ചെയ്യുന്നത്. ആധുനിക സാങ്കേതിക വിദ്യാഉപകരണങ്ങളടക്കമുള്ള ഭൗതിക സൗകര്യ വികാസം പൂർണ്ണമായും പ്രയോജനപ്പെടുത്തണമെങ്കിൽ അധ്യാപകരെ അതിനായി സജ്ജരാക്കണം. ആധുനിക വിദ്യാഭ്യാസ സിദ്ധാന്തങ്ങളുടെയും ബോധന തന്ത്രങ്ങളുടെയും പിൻബലമുള്ള പുതിയ ധാരണകൾ അവർ സ്വാംശീകരിക്കേണ്ടതുണ്ട്. ഇതിന് ഇപ്പോൾ നടക്കുന്ന പരിശീലനങ്ങളിൽ നിന്ന് തികച്ചും ഭിന്നമായ പരിശീലന ഉള്ളടക്കവും രീതീശാസ്ത്രവും അനിവാര്യമാണ്. നിലവിലുള്ള അധ്യാപകരെ ഉയർന്നു വരുന്ന വിദ്യാഭ്യാസ ആവശ്യകതയ്ക്കും സാധ്യതകൾക്കും അനുഗുണമായി പരിവർത്തിപ്പിച്ചെടുക്കേണ്ടതുണ്ട്. ഇതനുസരിച്ചുള്ള അധ്യാപക പരിശീലനമാണ് വിഭാവനം ചെയ്യേണ്ടത്. ഇതിനായി അധ്യാപക പരിശീലന സ്ഥാപനങ്ങളെ ആധുനികവത്കരിക്കണം.
  - വിഷയ ജ്ഞാനം, ഭാഷാ ശേഷി, സാങ്കേതിക വിദ്യയിലെ സാധ്യത എന്നിവ പരിഗണിച്ചാവണം, മനോഭാവ മാറ്റത്തിന് ഉതകുന്നതാവണം.

- വൈവിദ്യമാർന്ന രീതിശാസ്ത്രങ്ങൾ പ്രയോജനപ്പെടുത്തണം., മോണിറ്ററിംഗ് ശക്തിപ്പെടുത്തണം.
- തത്സ്ഥല/സമയ പിന്തുണാ സംവിധാനം ശക്തിപ്പെടുത്തണം
- പരിശീലനങ്ങൾക്ക് തുടർച്ചയുണ്ടാവണം.
- പങ്കാളികളെ ഗുണപരമായി സ്വാധീനിക്കാൻ കഴിവുള്ളവരാകണം പരിശീലകർ. പഠിപ്പിക്കുന്നവർ നിരന്തരം പഠിച്ചുകൊണ്ടേയിരിക്കണമെന്ന തോന്നൽ ഉണ്ടാകണം.
- പരിശീലനത്തിന്റെ ഫലപ്രാപ്തി/തുടർപ്രവർത്തനങ്ങൾ വിലയിരുത്തപ്പെടണം.
- പുതുതായി നിയമനം നേടുന്നവർക്ക് നിർബന്ധിത ഓറിയന്റേഷൻ പ്രോഗ്രാം വേണം.
- ക്ലാസ് മുറികൾ മാത്രം സ്മാർട്ടായാൽ മതിയാകില്ല. അധ്യാപക പുനഃപരിശീലന കേന്ദ്രങ്ങളും സ്മാർട്ടാകണം. അനുഭവാധിഷ്ഠിത പഠനത്തിലൂടെ മാത്രമേ അധ്യാപകർക്ക് പുതിയ സാങ്കേതിക വിദ്യകളുടെ ക്ലാസ്റൂം സാധ്യത തിരിച്ചറിയാൻ കഴിയൂ. സംസ്ഥാനത്ത് കാഴ്ചപ്പാടും വൈദഗ്ധ്യവുമുള്ള അധ്യാപക പരിശീലനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിയുന്ന റിസോഴ്സ് ടീമിനെ സജ്ജമാക്കേണ്ടതുണ്ട്. ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ, ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങിയവയെ അധ്യാപക പരിശീലനവുമായി ബന്ധിപ്പിക്കാൻ കഴിയേണ്ടതുണ്ട്.
- ഓരോ വർഷത്തെയും പരിശീലനാവശ്യങ്ങൾ ശാസ്ത്രീയമായി നിർണയിക്കപ്പെടണം.
- പരിശീലനങ്ങൾ വൈവിധ്യവത്കരിക്കേണ്ടത് അനിവാര്യമാണ്. ദീർഘകാല പരിശീലനങ്ങളും ഹ്രസ്വകാല പരിശീലനങ്ങളും ഇതിന്റെ ഭാഗമായി ഉണ്ടാകണം. പരിശീലനങ്ങൾ കഴിയാവുന്നത്ര വികേന്ദ്രീകരിക്കണം.
- സ്കൂൾ ക്ലസ്റ്ററുകൾ യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. വിദ്യാലയാധിഷ്ഠിത അധ്യാപക പരിശീലന രീതി പ്രോത്സാഹിപ്പിക്കാൻ കഴിയണം. ബി.ആർ.സി കളെ ശക്തിപ്പെടുത്തുകയും നിരന്തരം വിലയിരുത്തുകയും ചെയ്യണം. ജില്ലാ-സംസ്ഥാന തലത്തിലുള്ള അക്കാദമിക സ്ഥാപനങ്ങളുടെ പ്രവർത്തനം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് ഉതകുന്ന രീതിയിൽ പുന:സംഘടിപ്പിക്കണം. എസ്.സി.ഇ.ആർ.ടി, സീമാറ്റ്, ഐ.ടി.@ സ്കൂൾ, എസ്.ഐ.ഇ.ടി, എസ്.എസ്.എ, ആർ.എം.എസ്.എ, ഡയറ്റ് എന്നീ സംവിധാനങ്ങളെ മുഴുവൻ ഏകോപിപ്പിച്ച് ഈ യജ്ഞത്തിന്റെ ഭാഗമാക്കണം. ഓരോ വർഷത്തെയും അധ്യാപക പരിശീലനം കൊണ്ടുണ്ടായ പ്രകടമായ മാറ്റം എന്തെന്നു കണ്ടെത്താൻ പഠനം നടത്തണം.
- ഗവേഷണാത്മകമായി ഇടപെടുന്നതിന് അധ്യാപകരെ സജ്ജമാക്കേണ്ടതുണ്ട്.

ഇത്തരം പ്രവർത്തനങ്ങൾ ഓരോ സ്കൂളിന്റെയും സാധ്യതയ്ക്കനുസരിച്ച് ഇനിയും വിപുലീകരിക്കാം. എന്നാൽ നിർദേശിക്കപ്പെട്ട മുകളിൽ പറഞ്ഞ പ്രവർത്തനങ്ങളും അവയുടെ ലക്ഷ്യങ്ങളും നേടണമെങ്കിൽ കൃത്യമായ ആസൂത്രണവും നടത്തിപ്പും വിലയിരുത്തലുകളും അനിവാര്യമാണ്. മുകളിൽ സൂചിപ്പിച്ച ഓരോ ഘടകവും കൂടുതൽ മികവുള്ളതാക്കി മാറ്റാൻ നാം എന്തൊക്കെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട് എന്ന് വളരെ ആഴത്തിൽ ആലോചിക്കണം. ഇതോടൊപ്പം പരമപ്രധാനമാണ് പൊതുസമൂഹത്തെ ഈ പ്രവർത്തനങ്ങളുമായെല്ലാം കണ്ണിചേർക്കുക എന്നത്. പൂർവവിദ്യാർഥികൾ, പൂർവ അധ്യാപകർ, വിദ്യാഭ്യാസ തൽപരരായ നാട്ടുകാർ, സാമൂഹ്യ-സാംസ്കാരിക - യുവജന - രാഷ്ട്രീയ സന്നദ്ധ സംഘടന പ്രവർത്തകർ, ഗ്രന്ഥശാലകൾ,

കലാകായിക വേദികൾ, ക്ലബുകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ തുടങ്ങി നാട്ടിലെ മറ്റുകൂട്ടായ്മകളെയും എല്ലാം സഹകരണം വിഭവസമാഹരണത്തിലടക്കം എങ്ങിനെ കോർത്തിണക്കാം എന്നത് ആലോചിക്കണം.

- **പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന**
- **കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും**
- **വിദ്യാഭ്യാസത്തിൽ ജനാധിപത്യവത്ക്കരണം അർത്ഥപൂർണമാക്കും**
- **വായനശാല, ലബോറട്ടറി എന്നിവ ആധുനികവത്കരിക്കും**
- **വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തും**
- **വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യാനുള്ള കഴിവ്**
- **കൗൺസിലിംഗ് സൗകര്യം**
- **മദ്യപാനം - മയക്കുമരുന്ന് വിരുദ്ധ മനോഭാവം**
- **പ്ലാസ്റ്റിക് മുക്തവും കീടനാശിനി മുക്തവുമായ കാമ്പസ്**
- **കാർഷിക സംസ്കാരം പ്രതിഫലിക്കുന്ന സ്കൂൾ അങ്കണം**
- **സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന സമഗ്ര വിദ്യാഭ്യാസം**
- **ആരോഗ്യ, കായിക, മാനസിക - സാംസ്കാരിക സൗകര്യങ്ങൾ**

തുടങ്ങിയവയാണ് ഈ മിഷൻ മുൻഗണന നൽകുന്ന മേഖലകളാണ്.

## നമുക്കെന്ത് ചെയ്യാം?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിജയിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിക്കേണ്ടത് അധ്യാപകരാണ്. കുട്ടികളുമായി നേരിട്ടു സംവദിക്കുന്ന ക്ലാസ് മുറികളിലാണ് അന്താരാഷ്ട്ര നിലവാരത്തിന്റെ പ്രതിഫലനം ഉണ്ടാകേണ്ടത്. അധ്യാപകർക്ക് എന്തെല്ലാം പ്രവർത്തനങ്ങൾ ഏറ്റെടുക്കാനാകും. ചില ഉദാഹരണങ്ങൾ.

### 1. വിദ്യാലയ അക്കാദമിക അന്തരീക്ഷം

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് /സബ്ജക്ട് കൗൺസിൽ യോഗങ്ങൾ അക്കാദമിക പ്രശ്ന പരിഹരണത്തിനുള്ള ആസൂത്രണ വേദിയാക്കുക. ഓരോമാസവും ക്ലാസടിസ്ഥാനത്തിലും, വിഷയാടിസ്ഥാനത്തിലും കണ്ടെത്തുന്നപഠന പ്രശ്നങ്ങളെ വിശകലനം ചെയ്ത് മുൻഗണനാക്രമത്തിൽ പരിഹരിക്കുന്നതിനുള്ള പ്രവർത്തനപദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.
- ക്ലാസ് അന്തരീക്ഷം അക്കാദമിക ഉണർവിന്റെ തെളിവുകളാൽ സമൃദ്ധമാകുക. കുട്ടികളുടെ പഠന തെളിവുകൾ, റഫറൻസ് ചാർട്ടുകൾ, പഠനോപകരണങ്ങൾ, പതിപ്പുകൾ, ടീച്ചർ വേർഷനുകൾ, ചുമതലാ ചാർട്ടുകൾ തുടങ്ങി എല്ലാ വിഷയങ്ങളുടെയും തയ്യാറെടുപ്പുകൾ, പഠനവുമായി ബന്ധപ്പെട്ട സാമഗ്രികൾ ആകർഷകമായി പ്രദർശിപ്പിക്കണം.
- പഠനവസ്തുതകളെ പ്രാദേശിക വിഭവങ്ങളുമായും ചുറ്റുപാടുകളുമായും എങ്ങനെ ബന്ധിപ്പിക്കണമെന്ന് വ്യക്തമായ കാഴ്ചപ്പാടുണ്ടാകണം. പാർശ്വവത്കരിക്കപ്പെട്ട എല്ലാ വിഭാഗം കുട്ടികളെയും ഉൾപ്പെടുത്തിയുള്ള പഠന മാതൃകകൾ രൂപപ്പെടുത്തേണ്ടതുണ്ട്.

### 2. വായനാകോർണർ, വായനാപ്രവർത്തനം എന്നിവ സജീവമാക്കുക

എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കുംവിധം വൈവിധ്യമുള്ള പുസ്തകവായനാനുഭവം

ഒരുക്കുക. പുസ്തകചാർട്ട്, പുസ്തകപരിചയം, ആവിഷ്കരണങ്ങൾ തുടങ്ങിയവയിലൂടെ വായനയുടെ സംസ്കാരത്തെ പരിപോഷിപ്പിക്കുക.

**3. സർഗാത്മക പ്രകടനത്തിന് അവസരമൊരുക്കുക**

വിദ്യാർത്ഥിയുടെ സർഗാത്മകവികാസം ലക്ഷ്യമിട്ട് സ്കൂൾ തലത്തിൽ രചനാ ക്ലാസുകൾ, സാഹിത്യ ചർച്ചയും, സാഹിത്യ പ്രവർത്തകരുമായി സംവദിക്കൽ, സർഗാത്മക രചനകളുടെ പ്രകാശനം, കുട്ടിയെഴുത്തുകാരെ പൊതുവേദികളിൽ അംഗീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

**4. വിദ്യാലയത്തിലെ മാധ്യമ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുക**

വിദ്യാർത്ഥികളുടെ രചനാപരമായ കഴിവുകൾ വളർത്തുന്നതിന് വിശകലനശേഷി, വിമർശനാത്മക ചിന്ത, നിലപാടു സ്വീകരിക്കൽ, ക്രിയാത്മകത തുടങ്ങിയവയെ അഭിസംബോധന ചെയ്യുന്നതിനുള്ള ക്ലാസ് സ്കൂൾ തലങ്ങളിൽ മാധ്യമപ്രവർത്തനം സംഘടിപ്പിക്കുക. (ക്ലാസ് പത്രം, സ്കൂൾ പത്രം, ക്ലാസ് ബ്ലോഗ്, സ്കൂൾ ബ്ലോഗ്, വിദ്യാലയ വെബ്സൈറ്റ്, സ്കൂൾ വീക്കിയിൽ പ്രകാശനം, മുഖ്യധാരാമാധ്യമങ്ങളിൽ പ്രതികരണങ്ങൾ, പഠനകൾ അയച്ചുകൊടുക്കൽ തുടങ്ങിയ സാധ്യതകൾ)

**6. അധ്യാപകരുടെ പഠനകൂട്ടങ്ങൾ രൂപപ്പെടുത്താൻ മുൻകൈയെടുക്കുക**

സമാന ക്ലാസുകാരുടെ /വിഷയങ്ങളുടെ പഠനകൂട്ടങ്ങൾ പഞ്ചായത്ത്, മണ്ഡലം തലങ്ങളിൽ രൂപപ്പെടുത്തുക, പൊതുവായ അക്കാദമിക പ്രശ്നങ്ങളുടെ പരിഹാരം അന്വേഷിക്കുന്നതിനും അധ്യാപനവുമായി ബന്ധപ്പെട്ട് വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും അനുഭവങ്ങൾ പങ്കിടുന്നതിനും വേദി ഒരുക്കുക. ഓൺലൈൻ പഠനസൗഹൃദസംഘങ്ങളാകാം, മുഖാമുഖം കൂടിയിരുന്നുള്ള പങ്കിടുകളാകാം, ശില്പശാലകൾ, സെമിനാറുകൾ, വിദഗ്ധരുടെ ക്ലാസുകൾ, നവമാധ്യമങ്ങൾ, കൂട്ടായ്മകൾ തുടങ്ങിയ സാധ്യതകൾ അലോചിക്കണം.

**7. സമൂഹത്തിന്റെ വിശ്വാസ്യത ആർജിക്കുക**

- പ്രതിമാസ ക്ലാസ് പി.ടി.എ. ചിട്ടപ്പെടുത്തുക
- ഓരോ ക്ലാസ് പി.ടി.എ. യും പഠനമികവുകളുടെയും അക്കാദമിക നിലവാര വർദ്ധനവിന്റെയും പ്രശ്നപരിഹരണാനുഭവങ്ങളുടെയും പങ്കിടൽ വേദികളാക്കിമാറ്റണം.
- പ്രത്യേകം തയ്യാറാക്കിയ മോഡ്യൂൾ പ്രകാരം തെളിവുകളും ഉദാഹരണങ്ങളും സഹിതം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ അന്തസത്തകൾകൊണ്ട് ക്ലാസുകൾ ഉയർന്ന തലങ്ങളിലേക്ക് പോകുന്നുണ്ടെന്ന് രക്ഷിതാക്കൾക്ക് ബോധ്യപ്പെടണം. ഓരോ കുട്ടിയുടെയും പഠന പുരോഗതിക്കുള്ള ഇടപെടലുകൾ നടത്തുന്ന വിദ്യാലയവും അധ്യാപകരും എന്ന ഖ്യാതി ലഭിക്കും വിധം ഇത് ഏറ്റെടുക്കണം.

**8. വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കൽ**

ക്ലസ്റ്റർ പി.ടി.എ., അതിഥി ക്ലാസുകൾ, പ്രാദേശിക വൈദഗ്ധ്യം പ്രയോജനപ്പടുത്തൽ, പ്രാദേശിക പഠന യാത്രകൾ, സ്ഥാപന സന്ദർശനങ്ങൾ, അച്ചടിച്ച സ്കൂൾ പത്രങ്ങൾ, സമൂഹ ചർച്ചയ്ക്ക് വിധേയമാകൽ, നവ മാധ്യമങ്ങളിലൂടെ വിദ്യാലയത്തിന്റെ തനതായ പ്രവർത്തനങ്ങൾ സുഗമമാക്കൽ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ പ്രതിനിധികൾ, മറ്റുജനപ്രതിനിധികൾ എന്നിവരെ വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ, സമൂഹ ശ്രദ്ധ പിടിച്ചുപറ്റുന്ന അക്കാദമിക മൂല്യവും സാമൂഹ്യമൂല്യവുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ തുടങ്ങിയവ ആലോചിക്കണം.

**9. വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദമാക്കൽ**

ഓരോ ക്ലാസിനും സ്കൂളിനു പൊതുവായും ലക്ഷ്യങ്ങളും അജൻഡകളും ഉണ്ടാകണം. ഹരിത ജീവനം എന്ന ആശയം കുട്ടികൾ സ്വാംശീകരിച്ച് പ്രവർത്തിക്കണം. പരിസ്ഥിതി പഠനാലയം എന്ന തരത്തിലേക്ക് വിദ്യാലയത്തെ മാറ്റിയെടുക്കാൻ കഴിയണം.

**10. വിവേചന രഹിത വിദ്യാലയം അവകാശാധിഷ്ഠിത വിദ്യാലയം**

- കുട്ടികളുടെ അവകാശ പത്രിക സ്കൂളിൽ പ്രദർശിപ്പിക്കണം.
- ആൺ പെൺ വിവേചനങ്ങൾ ഇല്ലാത്തതും തുല്യാവസരം പ്രദാനം ചെയ്യുന്നതും സ്ത്രീ പുരുഷ സമത്വത്തെകുറിച്ച് ശരിയായ കാഴ്ചപ്പാട് രൂപീകരിക്കുന്നതും അനുഭവങ്ങൾ ലഭിക്കുന്നതുമായ ക്ലാസുകളും വിദ്യാലയങ്ങളും ഒരുക്കണം.
- ജാതി, മത ചിന്തകൾക്കതീതമായ മാനവത്വ ബോധം വളർത്തിയെടുക്കാൻ ശ്രമിക്കണം.

**11. ജീവിത നൈപുണി പരിശീലനം**

ജീവിത നൈപുണി വികസിപ്പിക്കുന്നതിനും വിദ്യാലയത്തിന് സ്വന്തമായ പാഠ്യപദ്ധതിയും പ്രവർത്തന പാക്കേജും രൂപപെടുത്താനാകണം. ഇതിനായി പ്രത്യേക സമയം കണ്ടെത്താ നാകണം. പാഠപ്രവർത്തനത്തിന്റെ ഭാഗമായും ഈ ലക്ഷ്യത്തിലൂന്നിയുള്ള പ്രവർത്തന ങ്ങൾ ആലോചിക്കണം.

**12. ക്ലാസ് റൂമുകളെ /വിദ്യാലയത്തെ ജനാധിപത്യവത്കരിക്കൽ**

ജനാധിപത്യ പരിശീലനത്തിന്റെ വേദിയായി ക്ലാസുകളെ മാറ്റണം. അഭിപ്രായങ്ങൾ രൂപ പെടുത്തുന്നതിൽ, നിർദേശങ്ങൾ സ്വീകരിക്കുന്നതിൽ, പ്രശ്ന പരിഹരണത്തിൽ പുതിയ സാധ്യത അന്വേഷിക്കുന്നതിൽ, കുട്ടികളുടെ സമീപനത്തിൽ എല്ലാം അത് സാധ്യമാണ്. ക്ലാസ് സഭകളും സ്കൂൾ പാർലമെന്റും സജീവമാക്കണം. നിർണായകമായ തീരുമാനങ്ങൾ എടുക്കും മുമ്പ് സ്കൂൾ പാർലമെന്റ് കൂടി ചർച്ച ചെയ്യുന്ന രീതി വികസിപ്പിക്കണം. പഠന മികവ് സ്കൂൾ പാർലമെന്റിന്റെ അജൻഡയാക്കണം. നേതൃത്വശേഷി വികാസം ലക്ഷ്യമി ട്ടുള്ള ശില്പശാലകളും പരിശീലനങ്ങളും സംഘടിപ്പിക്കണം.

**13. നിരന്തര വിലയിരുത്തലിൽ മാതൃക സൃഷ്ടിക്കുക**

ഏറെ വർഷമായി പരിശ്രമിച്ചിട്ടും പ്രായോഗികമായ മാതൃക ഇനിയും രൂപപ്പെടുത്താൻ കഴിയാത്ത നിരന്തര വിലയിരുത്തലിൽ തനതായ മാതൃകകൾ രൂപപെടുത്താനുള്ള അന്വേ ഷണങ്ങൾ ഏറ്റെടുക്കണം.

**14. അക്കാദമിക ശോഭയുള്ള വേറിട്ട വിദ്യാലയത്തെ സൃഷ്ടിക്കൽ**

സമൂഹം ഒരു വിദ്യാലയത്തിൽ നിന്നു കൂടുതൽ പ്രതീക്ഷിക്കുന്നുണ്ട്. അവരുടെ പ്രതീക്ഷ യ്ക്കപ്പുറമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടുമാത്രമേ പൊതു സമൂഹത്തിന്റെ മതിപ്പും വിശ്വാസവും പിന്തുണയും ആർജിക്കാനാകു. അതിനു സഹായമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് എല്ലാ അധ്യാപകരും ശ്രമിക്കണം. പല പ്രശ്നങ്ങൾക്കും ഒന്നി ലധികം ഉത്തരങ്ങൾ ഉണ്ട്. അത് കണ്ടെത്തുക. പുതിയ സാധ്യതയും അന്വേഷിക്കുക.

**15. പാഠ്യപദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കൽ**

സർക്കാർ തയ്യാറാക്കുന്ന പൊതുവാർഷിക പദ്ധതിക്ക് പൂരകമായ ഓരോ സ്കൂളിനും പാഠ്യ പദ്ധതി വിനിമയത്തിനുള്ള വാർഷിക പദ്ധതി വേണം. ഓരോ മാസവും ലക്ഷ്യമിടുന്ന പാഠഭാഗങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നതിനും നിർദ്ദിഷ്ട ശേഷികൾ എല്ലാവരും

ആർജിച്ചു എന്നുറപ്പുവരുത്തുന്നതിനുമുള്ള വിലയിരുത്തൽ നടത്തുന്നതിനും ഈ രൂപരേഖയിൽ ഇടമുണ്ടാക്കുക.

16. **കുട്ടിയുടെ സമഗ്ര വികസന ലക്ഷ്യത്തോടെ ഓരോ ക്ലാസുകളിലും സന്തുലിതാനുഭവങ്ങൾ ഒരുക്കുക.**

17. **പ്രതിഭാ പോഷണ പരിപാടികൾ ഏറ്റെടുക്കുക.**

18. **പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ പഠനം മെച്ചപ്പെടുത്തുന്നതിനായി വിദ്യാലയത്തിന് പ്രവർത്തന സമീപനം രൂപപെടുത്തുക.**

19. **പാർശ്വവത്കരിക്കപ്പെട്ടവരുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നേരിടുന്ന തടസ്സങ്ങൾ മറികടക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇടപെടൽ നടത്തി മാതൃക സൃഷ്ടിക്കുക.**

20. **ഇതര സംസ്ഥാന തൊഴിലാളികളുടെ മക്കൾ ആദിവാസി ജനവിഭാഗങ്ങൾ എന്നിവരെ പരിഗണിച്ച് അവരുടേതായ ഭാഷയിൽ പാഠങ്ങൾ തയ്യാറാക്കുക. (പ്രാഥമിക ക്ലാസുകളിൽ)**

21. **പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പരിപാടികൾ വിജയിപ്പിക്കുന്നതിനുള്ള ക്ലാസ്റൂം സാധ്യതകൾ കണ്ടെത്തുക.**

22. **സ്വയം സമർപ്പിത അധ്യാപക സമൂഹം**

- നമ്മുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം കുട്ടികളുടെ അവകാശമായ 1000-1200 മണിക്കൂർ പഠനസമയം ഉറപ്പുവരുത്താൻ അധ്യാപകർക്ക് കഴിയേണ്ടതുണ്ട്. അതിനുള്ള പരിപാടികൾക്ക് രൂപം നൽകണം.
- ഓരോ കുട്ടിയുമായി ആത്മബന്ധം പുലർത്താനും അവരുടെ വ്യക്തിത്വം ഉൾക്കൊണ്ടുകൊണ്ട് പരമാവധി വികാസത്തിലേക്ക് നയിക്കാനും അധ്യാപകർക്ക് കഴിയണം. രക്ഷാകർതൃസമൂഹത്തിന്റെ സഹായത്തോടെ ഓരോ കുട്ടിയുടെയും പഠനപിന്നോക്കാവസ്ഥ അഭിസംബോധന ചെയ്യാൻ കഴിയണം. തന്റെ കുട്ടിയുടെ പഠനത്തിനും സംരക്ഷണത്തിനുമായി ഓരോ അധ്യാപകനും പരമാവധി പ്രവർത്തിക്കുന്നുണ്ടെന്ന ധാരണ രക്ഷാകർത്താക്കൾക്ക് ഉണ്ടാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കണം.
- പൊതുവിദ്യാലയ സംസ്കാരം ഉൾക്കൊള്ളൽ - പ്രചരിപ്പിക്കൽ, എല്ലാ അധ്യാപകരുടെ കുട്ടികളെയും നമുക്ക് സ്വാധീനിക്കാൻ കഴിയണം. മറ്റുള്ളവരുടെ കുട്ടികളെയും പൊതുവിദ്യാലയത്തിലെത്തിക്കാനുള്ള തീവ്രമായ പരിശ്രമം ഉണ്ടാകേണ്ടതുണ്ട്.
- വിദ്യാലയ പ്രവർത്തനത്തിൽ പൂർണമായി മുഴുകാനും തന്റെ വിദ്യാലയത്തെക്കുറിച്ച് അഭിമാനം കൊള്ളാനും അധ്യാപകർക്ക് കഴിയേണ്ടതുണ്ട്. സ്വന്തം വിദ്യാലയങ്ങൾക്കായി നിരന്തരം പ്രവർത്തിക്കുന്ന സ്വയം സമർപ്പിത അധ്യാപക സമൂഹമായി എല്ലാ അധ്യാപകരും മാറണം.

# വിലയിരുത്തൽ സമീപനം

സ്കൂളിലെ പഠനം (Learning) സ്വാഭാവികമായും നിരന്തരമായും നടക്കേണ്ട പ്രക്രിയയാണ്. പഠനം കാര്യക്ഷമമാകണമെങ്കിൽ, പഠനാനുഭവങ്ങൾ ഉദ്ദേശ്യാധിഷ്ഠിതവും പഠനനേട്ടങ്ങളെ കേന്ദ്രീകരിച്ചുമാകണം. പഠനപ്രക്രിയയിലൂടെ നേടേണ്ട ശേഷികളെയും ധാരണകളെയും സംബന്ധിച്ച് അധ്യാപകർക്കും പഠിതാക്കൾക്കും വ്യക്തമായ അവബോധം ഉണ്ടാകണം. ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് ആർജ്ജിക്കേണ്ട പഠനനേട്ടങ്ങൾ (Learning outcomes) മുൻകൂട്ടി കണ്ടുകൊണ്ട് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. ഇവ ജീവിതസന്ദർഭങ്ങളുമായി ബന്ധിപ്പിച്ച് അവതരിപ്പിക്കുകയും വേണം.

നേടിയ ശേഷികളും ധാരണകളും പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിന് എത്രമാത്രം പര്യാപ്തമാണ്? പഠനനേട്ടങ്ങൾ കൈവരിക്കാൻ ഇനിയും ശേഷിക്കുന്നവർ ആരെല്ലാം? നൽകേണ്ടുന്ന തുടരനുഭവങ്ങൾ എന്തെല്ലാമാകണം? അവ എങ്ങനെ നൽകും? ഇപ്രകാരമുള്ള ചിന്തകളാണ് വിലയിരുത്തലിന്റെ ഭാഗമായി അധ്യാപകരിൽ ഉണ്ടാകേണ്ടത്.

പാഠഭാഗത്തിന്റെ/യൂണിറ്റിന്റെ വിനിമയത്തിനുശേഷം 'എന്തൊക്കെ പഠനനേട്ടങ്ങൾ കൈവരിച്ചു' എന്ന് വിലയിരുത്തുന്ന പ്രക്രിയയെ **പഠനത്തെ വിലയിരുത്തൽ (Assessment of learning)** എന്നു പറയുന്നു. പഠനത്തിനുശേഷമുള്ള പഠിതാവിന്റെ മികവ്, പഠനനിലവാരം എന്നിവയാണ് ഇവിടെ വിലയിരുത്തപ്പെടുന്നത്. ഇത് വിലയിരുത്തലിന്റെ ഒരു തലം മാത്രമേ ആകുന്നുള്ളൂ.

പഠനം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള വിലയിരുത്തലിനാണ് കൂടുതൽ പ്രാമുഖ്യം കൽപ്പിക്കേണ്ടത്. പഠനം നടക്കുന്ന വേളയിൽ അതിന്റെ കാര്യക്ഷമതയ്ക്കുവേണ്ടി അധ്യാപകനോ സഹപാഠികളോ നടത്തുന്ന വിവിധങ്ങളായ ഇടപെടലുകൾ ഉണ്ടാകാം. പഠനത്തിനോടൊപ്പമുള്ള ഈ ഇടപെടലും ഫീഡ്ബാക്ക് നൽകലും വിലയിരുത്തലിന്റെ മറ്റൊരു തലമാണ്. ഇതിനെ **പഠനത്തിനായുള്ള വിലയിരുത്തൽ (Assessment for learning)** എന്ന് പറയുന്നു. ഇത് പഠനപുരോഗതിക്കുവേണ്ടി നിരന്തരം നിർവഹിക്കേണ്ടതും പഠനപ്രവർത്തനത്തോട് ഇഴചേർന്ന് നിൽക്കേണ്ടതുമാണ്.

പഠനത്തിലൂടെ നേടിയ ആശയങ്ങളെയും ധാരണകളെയും വിമർശനാത്മകമായി പരിശോധിക്കുകയും മാറ്റങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന തിരുത്തൽ പ്രക്രിയയും ഉണ്ട്. ഇതിനെ സ്വയം വിലയിരുത്തലായി കരുതാം. ഇപ്രകാരം സ്വയം നിർവഹിക്കുന്ന വിലയിരുത്തലിലൂടെയും പഠനം സാധ്യമാകുന്നു. ഇതിനെ **വിലയിരുത്തൽതന്നെ പഠനം (Assessment as learning)** എന്നു പറയുന്നു. ഇതിലൂടെ മെച്ചപ്പെട്ടരീതിയിൽ എങ്ങിനെ പഠിക്കാം എന്ന് പഠിതാവ് ധാരണയുണ്ടാക്കുന്നു **(Learning to learn).**

പഠനം കൂടുതൽ കാര്യക്ഷമമാവാൻ 'പഠനത്തിനായുള്ള വിലയിരുത്തൽ', 'വിലയിരുത്തൽതന്നെ പഠനം' എന്നിവയ്ക്ക് ഊന്നൽ നൽകേണ്ടതുണ്ട്. പഠനം ഫലപ്രദമാകുന്നതിനുള്ള വിലയിരുത്തൽ പ്രക്രിയകൾക്ക് പ്രാധാന്യം നൽകുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്.

പഠനനേട്ടങ്ങൾ ഉറപ്പാക്കുന്ന തരത്തിലുള്ള പഠനസമീപനം സ്വീകരിക്കുമ്പോൾ അതിന് അനുഗുണമായ വിലയിരുത്തൽ സമീപനവും സ്വീകരിക്കേണ്ടതുണ്ട്. ആയതിനാൽ പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകുന്ന വിലയിരുത്തൽ സമീപനമാണ് (Outcome focused assessment approach) സ്വീകരിക്കേണ്ടത്. പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകി രൂപപ്പെടുത്തുന്ന പഠനപ്രവർത്തനങ്ങളിൽ പഠിതാവിന്റെ സജീവപങ്കാളിത്തം ഉറപ്പുവരുത്തണം.

പഠിതാവിനും അധ്യാപകനും രക്ഷകർത്താവിനും ഒരേ പോലെ പഠനനേട്ടങ്ങളെക്കുറിച്ച് ധാരണയുണ്ടാവുക, വിലയിരുത്തേണ്ടതിനെക്കുറിച്ച് വ്യക്തത കൈവരുക, പഠനനേട്ടങ്ങൾ ഉറപ്പിച്ച് മുന്നോട്ടുപോകാനാവുക, വിദ്യാർഥി കേന്ദ്രീകൃതമാവുക, സാമൂഹ്യപ്രശ്നങ്ങളെ തിരിച്ചറിയുവാനുള്ള കഴിവുണ്ടാവുക, ക്രിയാത്മകവും വിമർശനാത്മകവും യുക്തിപരവുമായ ചിന്തകളെ പ്രോത്സാഹിപ്പിക്കുക മുതലായവ പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകിയിട്ടുള്ള പഠനത്തിന്റെ സവിശേഷതകളാണ്.

## നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ (CCE)

പഠിതാവിൽ അനസ്യൂതമായി നടക്കുന്ന ഒരു പ്രക്രിയയാണ് പഠനം. അതുകൊണ്ടുതന്നെ ശേഷികളും ധാരണകളും എത്രത്തോളം നേടി എന്ന് പരിശോധിക്കുന്ന വിലയിരുത്തൽ പ്രക്രിയയും നിരന്തരമായിരിക്കണം. സമഗ്രമായ വിലയിരുത്തൽ എന്നതുകൊണ്ട് അർഥമാക്കുന്നത് പഠിതാവിന്റെ വൈജ്ഞാനികവും സാമൂഹിക-വൈകാരിക മേഖലകളിലെ വിലയിരുത്തലുമാണ്. ഇങ്ങനെ നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

## CCE മേഖലകൾ

രണ്ട് മേഖലകളിലായാണ് CCE നിർവഹിക്കപ്പെടുന്നത്.

1. വൈജ്ഞാനികമേഖല
2. സാമൂഹിക-വൈകാരികമേഖല

## വൈജ്ഞാനിക മേഖലയിലെ വികാസം സംബന്ധിച്ച വിലയിരുത്തൽ

ഹയർ സെക്കന്ററി മേഖലയിലെ പഠനവിഷയങ്ങളായ ഭാഷ, ശാസ്ത്ര വിഷയങ്ങൾ, മാനവിക - വാണിജ്യശാസ്ത്ര വിഷയങ്ങൾ, ആരോഗ്യ-കായിക വിദ്യാഭ്യാസം എന്നിവ വൈജ്ഞാനിക മേഖലയിൽപ്പെടുന്നു. ഓരോ വിഷയങ്ങളിലും ആർജ്ജിച്ച പഠനനേട്ടങ്ങളാണ് വിലയിരുത്തേണ്ടത്. ഇവിടെ രണ്ട് തരത്തിലുള്ള വിലയിരുത്തലാണ് നിർദേശിക്കുന്നത്.

1. നിരന്തരവിലയിരുത്തൽ (CE)
2. ടേം വിലയിരുത്തൽ (TE)

## നിരന്തര വിലയിരുത്തൽ (CE) :

മൂന്നു രീതിയിലുള്ള നിരന്തര വിലയിരുത്തലാണ് നിർദേശിക്കുന്നത്.

- **പഠനപ്രക്രിയയുടെ വിലയിരുത്തൽ**
- **പോർട്ട്ഫോളിയോ വിലയിരുത്തൽ**
- **യൂണിറ്റ്തല വിലയിരുത്തൽ**

### പഠനപ്രക്രിയയുടെ വിലയിരുത്തൽ

പഠനനേട്ടങ്ങൾ ആർജിക്കുന്നതിനു പഠിതാവും അധ്യാപികയും വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. പഠിതാവിന്റെ പ്രവർത്തനത്തിലെ പങ്കാളിത്തം, പഠിതാവിന്റെ പ്രകടനത്തിലേയും അവതരണത്തിലേയും മികവ്, പഠിതാവിന്റെ സർഗ്ഗാത്മകത, നിർദിഷ്ട ശേഷികൾ എത്രമാത്രം ആർജിക്കാൻ കഴിഞ്ഞിട്ടുണ്ട്, തുടങ്ങിയ കാര്യങ്ങൾ ടീച്ചർ വിലയിരുത്തേണ്ടതുണ്ട്. ചുവടെ കൊടുത്തിരിക്കുന്ന സൂചകങ്ങൾ വിലയിരുത്തലിന് ഉപയോഗിക്കാം.

1. പ്രവർത്തനത്തിലെ പങ്കാളിത്തം
2. ആശയധാരണ

3. ശേഷികൾ ആർജിക്കൽ
4. പ്രകടനം/അവതരണം
5. രേഖപ്പെടുത്തൽ/തയാറാക്കൽ

പ്രക്രിയാവിലയിരുത്തൽ നിർവഹിക്കുമ്പോൾ, ഓരോ സൂചകവും അടിസ്ഥാനമാക്കി വിലയിരുത്തൽ നിർവഹിക്കണം. ഉദാഹരണമായി പ്രവർത്തനത്തിലെ പങ്കാളിത്തം എന്ന സൂചകം അടിസ്ഥാനമാക്കി വിലയിരുത്തുമ്പോൾ ഏറ്റവും മികച്ച പങ്കാളിത്തമുള്ളവർ, മികച്ച പങ്കാളിത്തമുള്ളവർ, ശരാശരി പങ്കാളിത്തമുള്ളവർ, ഇനിയും മെച്ചപ്പെടേണ്ടവർ എന്നു സൂചിപ്പിക്കുന്ന തരത്തിലുള്ള കുറിപ്പുകൾ 'ടീച്ചർ പ്ലാനറി'ന്റെ വിലയിരുത്തൽ പേജിൽ ഉണ്ടാവണം. ഒരു ടേമിനുള്ളിൽ എല്ലാ പഠിതാക്കളേയും പ്രക്രിയയുടെ ഭാഗമായി വിലയിരുത്തൽ നടത്തി രേഖപ്പെടുത്തണം.

പ്രക്രിയാവിലയിരുത്തലിൽ സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ, അധ്യാപക വിലയിരുത്തൽ എന്നിവയ്ക്ക് സാധ്യതകൾ നൽകേണ്ടതാണ്.

നിരന്തര വിലയിരുത്തലിന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ പഠനപ്രക്രിയ വിലയിരുത്തേണ്ടത് എങ്ങിനെയെന്ന് പരിശോധിക്കാം.

- **പ്രവർത്തനത്തിലെ പങ്കാളിത്തം**
  - പ്രവർത്തനം ഏറ്റെടുത്തോ?
  - വ്യക്തിഗതമായി ചെയ്യാൻ ശ്രമിച്ചിട്ടുണ്ടോ?
  - ഗ്രൂപ്പിൽ ഫലപ്രദമായി ഇടപെട്ടിട്ടുണ്ടോ?
  - ആശയങ്ങൾ പങ്കുവച്ചിട്ടുണ്ടോ?
  - മറ്റുള്ളവരുടെ പങ്കാളിത്തത്തെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടോ?
- **ആശയധാരണ**
  - ഉള്ളടക്കപരമായ ധാരണ
  - അറിവ് നിർമാണ ഘട്ടങ്ങൾ
  - ആശയസ്വാംശീകരണത്തിലെ മികവ്
  - ആശയങ്ങളുടെ പ്രയോഗശേഷി

  ഇവയിൽ പഠിതാവിന്റെ മികവ്.
- **ശേഷികൾ ആർജിക്കൽ**
  - പ്രക്രിയാശേഷികൾ നേടാൻ വേണ്ടിയുള്ള മുൻധാരണകൾ എത്രത്തോളം?
  - നിശ്ചയിച്ചിരിക്കുന്ന പ്രക്രിയാശേഷികൾ നേടാൻ ഈ പ്രവർത്തനത്തിലൂടെ കഴിഞ്ഞിട്ടുണ്ടോ?
  - ശേഷി ആർജിക്കാത്തവർക്ക് എന്ത് അധികപ്രവർത്തനമാണ് നൽകേണ്ടത്?
- **പ്രകടനം/ അവതരണം**
  - വ്യക്തിഗത പ്രവർത്തനത്തിന് ശേഷവും ഗ്രൂപ്പ് പ്രവർത്തനത്തിന് ശേഷവും കണ്ടെത്തിയ കാര്യം അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടോ?
  - നിഗമനം യുക്തിപൂർവം സമർഥിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

- **രേഖപ്പെടുത്തൽ/ തയാറാക്കൽ**
  - പ്രവർത്തനത്തിലൂടെ കടന്നുപോയപ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടോ?
  - രേഖപ്പെടുത്തലുകൾ മറ്റുള്ളവർക്ക് മനസ്സിലാകുന്ന രീതിയിൽ ആണോ?
  - രേഖപ്പെടുത്തലിന് അടുക്കും ചിട്ടയും ഉണ്ടോ?
  - വ്യക്തിഗതമായും ഗ്രൂപ്പ് ചർച്ചയ്ക്ക് ശേഷവും പൊതു ചർച്ചയ്ക്ക് ശേഷവും രേഖപ്പെടുത്തലുകൾ നിർവ്വഹിച്ചിട്ടുണ്ടോ?

**നിരന്തര വിലയിരുത്തലിന്റെ ഭാഗമായി ഭാഷയിൽ പഠനപ്രക്രിയ വിലയിരുത്തേണ്ടത് എങ്ങനെയെന്നു പരിശോധിക്കാം.**

ഭാഷയിൽ ഉള്ളടക്കപരമായ ആശയം ലഭിക്കുന്നു എന്നതുപോലെ പ്രധാനമാണ് വ്യവഹാരരൂപസംബന്ധിയായ അറിവും ഭാഷാശേഷികളുടെ വികാസവും അങ്ങനെയെങ്കിൽ സൂചകങ്ങൾ പരിഗണിച്ചുകൊണ്ട് എങ്ങനെയാണ് പഠനപ്രക്രിയ വിലയിരുത്തേണ്ടത് എന്ന് പരിശോധിക്കാം.

- **പങ്കാളിത്തം**

  പഠനപ്രവർത്തനത്തിൽ പഠിതാവിന്റെ താൽപ്പര്യം, ഗ്രൂപ്പ് പ്രവർത്തനത്തിലെ പങ്കാളിത്തം എന്നിവയൊക്കെ ഇതിൽ പരിഗണിക്കണം.

- **ആശയധാരണ**

  ഭാഷയിലെ ഉള്ളടക്കപരമായ ധാരണ, വ്യവഹാരരൂപത്തിന്റെ ഘടന, ഗുണനിലവാര സൂചകങ്ങൾ, വ്യത്യസ്ത ഭാഷാപഠനസങ്കേതങ്ങളിലൂടെ അറിവ് നിർമ്മിച്ചെടുക്കുന്ന രീതി, ഭാഷാപരമായ മികവ് എന്നിവയിൽ പഠിതാവ് എവിടെ നിൽക്കുന്നു എന്നതാണ് അധ്യാപിക ഇവിടെ വിലയിരുത്തേണ്ടത്.

- **ശേഷികൾ**

  ശ്രവണം, ഭാഷണം, വായന, ലേഖനം, സർഗാത്മകത തുടങ്ങിയ ശേഷീമേഖലകളിൽ പഠിതാവിന്റെ പുരോഗതി വിലയിരുത്തി ഫീഡ്ബാക്ക് നൽകുന്നു. ഇവിടെ വിവിധ ഭാഷാവ്യവഹാരമേഖലകൾ, ഭാഷാവസ്തുതകൾ, ആശയവിനിമയം എന്നിവയിൽ കുട്ടിയുടെ പ്രകടനം കൂടി പരിഗണിക്കണം.

- **പ്രകടനം/അവതരണം**

  ഭാഷയിൽ ആശയപ്രകടനത്തിന് വ്യത്യസ്ത വഴികളുണ്ടല്ലോ. കുട്ടിയുടെ രചനാശേഷി പോലെത്തന്നെ പ്രധാനമാണ് മറ്റു ഭാഷാപ്രകടനങ്ങളും (പാരായണം, ആലപനം, അഭിനയം, ചിത്രംവര, ഭാഷണം) - ഉച്ചാരണശുദ്ധി, സ്പഷ്ടത ഇവയും പരിഗണിച്ചായിരിക്കും ഇവിടെ അധ്യാപകർ ഫീഡ്ബാക്ക് നൽകേണ്ടത്.

- **രേഖപ്പെടുത്തൽ/തയാറാക്കൽ**

  പ്രവർത്തനത്തിലൂടെ കടന്നുപോയപ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടോ? രേഖപ്പെടുത്തലുകൾ മറ്റുള്ളവർക്ക് മനസ്സിലാകുന്ന രീതിയിൽ ആണോ? രേഖപ്പെടുത്തലിന് അടുക്കും ചിട്ടയും ഉണ്ടോ? വ്യക്തിഗതമായി രചന നടത്തിയിട്ടുണ്ടോ? ക്ലാസ് ചർച്ചയ്ക്ക് ശേഷം ഗ്രൂപ്പിൽ മെച്ചപ്പെടുത്തിയിട്ടുണ്ടോ? തെറ്റില്ലാതെ രചന നിർവഹിക്കാൻ കുട്ടികൾക്ക് കഴിയുന്നുണ്ടോ? എന്നതൊക്കെയാണ് അധ്യാപിക വിലയിരുത്തേണ്ടത്.

പഠനപ്രവർത്തനങ്ങൾ സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്യുന്നതിനും നിരന്തര വിലയിരുത്തൽ ശാസ്ത്രീയമാക്കുന്നതിനുമായി ടീച്ചർ പ്ലാനർ തയാറാക്കേണ്ടതാണ്.

**(1) ടീച്ചർ പ്ലാനറിലെ വിശദാംശങ്ങൾ**

(i) പഠനനേട്ടങ്ങൾ

(ii) ആശയങ്ങൾ/ധാരണകൾ

(iii) ശേഷികൾ

(iv) മൂല്യങ്ങൾ/മനോഭാവങ്ങൾ

(v) പഠനസാമഗ്രികൾ

(vi) പ്രതീക്ഷിക്കുന്ന ഉല്പന്നങ്ങൾ

(vii) പിരീഡുകളുടെ എണ്ണം

(viii) പ്രവർത്തനങ്ങളും വിലയിരുത്തലും അടങ്ങിയ പ്രക്രിയാ പേജും വിലയിരുത്തൽ വിവരങ്ങൾ രേഖപ്പെടുത്തിയ വിലയിരുത്തൽ പേജും.

അനുരൂപീകരണം ഉൾച്ചേർത്തുകൊണ്ടുള്ള പഠനപ്രവർത്തനങ്ങളുടെ ആസൂത്രണം, വിലയിരുത്തൽ സന്ദർഭങ്ങൾ, തന്ത്രങ്ങൾ, ടൂളുകൾ എന്നിവ ടീച്ചർ പ്ലാനറിൽ ഉണ്ടാകണം. ഒരു ആശയം, വിവിധ ആശയങ്ങൾ, ഒരു പഠനനേട്ടം എന്നിവ കേന്ദ്രീകരിച്ചോ യൂണിറ്റിനെ സമഗ്രമായി കണ്ടുകൊണ്ടോ ടീച്ചർ പ്ലാനർ തയാറാക്കാവുന്നതാണ്.

**(2) വിഷയബന്ധിതമായ ആക്ടിവിറ്റി ലോഗ് സംബന്ധിച്ച വിശദാംശങ്ങൾ**

വൈജ്ഞാനികമേഖലയുടെ വിലയിരുത്തലിന് അടിസ്ഥാനമാക്കേണ്ട പ്രധാന രേഖയാണ് പഠിതാവിന്റെ ആക്ടിവിറ്റി ലോഗ്. പഠനപ്രക്രിയകൾക്കനുസരിച്ച് വിവിധ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ആക്ടിവിറ്റി ലോഗ് സഹായകമാണ്. പഠിതാവിന്റെ സർഗാത്മകത, ചിന്താപ്രക്രിയകൾ, ഭാഷാനൈപുണി, സാമൂഹിക-വൈകാരിക തലങ്ങൾ തുടങ്ങിയവ ആക്ടിവിറ്റി ലോഗിൽ പ്രതിഫലിക്കും. പാഠഭാഗം വിനിമയം ചെയ്യുന്നതിന് സ്വീകരിക്കുന്ന വിവിധ തന്ത്രങ്ങൾ, അവയുടെ പൂർത്തീകരണത്തിന് പഠിതാവ് നടത്തുന്ന മുന്നൊരുക്കങ്ങൾ, പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലെ ഇടപെടലുകൾ തുടങ്ങി എല്ലാ വിവരങ്ങളും ആക്ടിവിറ്റി ലോഗിൽ ഉണ്ടാകണം. പ്രവർത്തനത്തിലൂടെ രൂപപ്പെട്ട ഉല്പന്നങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും ആക്ടിവിറ്റി ലോഗിൽ തന്നെയാണ്. പഠനപ്രവർത്തനത്തെ ശക്തിപ്പെടുത്താനായി അധ്യാപകർ നൽകുന്ന അധികവിവരങ്ങളും ആക്ടിവിറ്റി ലോഗിൽ രേഖപ്പെടുത്താം.

സമയബന്ധിതമായി നേട്ടങ്ങൾ വിലയിരുത്തി പഠനപുരോഗതിക്ക് ആവശ്യമായ നിർദേശങ്ങളും കൈത്താങ്ങും അധ്യാപിക നൽകണം. യൂണിറ്റ് അവസാനിക്കുമ്പോൾ ആ യൂണിറ്റിലെ പഠനനേട്ടങ്ങൾ പഠിതാവ് നേടിയിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനുള്ള ഒരു രേഖയായി ആക്ടിവിറ്റി ലോഗ് പരിണമിക്കണം.

ആശയവ്യക്തതയുള്ളതും സന്ദർഭങ്ങൾക്കും ആശയങ്ങൾക്കും യോജ്യമായ പരാമർശങ്ങൾ ഉള്ളതും സ്വന്തം ചിന്തകൾ സ്വാംശീകരിക്കുന്നതും പ്രതിഫലിപ്പിക്കുന്നതുമാവണം ആക്ടിവിറ്റി ലോഗ്. കാര്യങ്ങൾ മൗലികമായി അവതരിപ്പിക്കണം. ആക്ടിവിറ്റി ലോഗിന് സമഗ്രതയും തുടർച്ചയും ഉണ്ടായിരിക്കണം.

- **പോർട്ട്ഫോളിയോ വിലയിരുത്തൽ**

പഠനപ്രവർത്തനത്തിലൂടെ കടന്നുപോകുമ്പോൾ രൂപപ്പെടുന്ന എല്ലാ ഉല്പന്നങ്ങളുടേയും ഒരു സമാഹാരമാണ് പോർട്ട്ഫോളിയോ. പഠനത്തെ സംബന്ധിച്ച് കുട്ടിക്കും രക്ഷിതാവിനും അധ്യാപികയ്ക്കും ഫീഡ്ബാക്ക് നൽകുക എന്ന ധർമമാണ് പോർട്ട്ഫോളിയോ നിർവഹിക്കുന്നത്.

പോർട്ട്ഫോളിയോയിൽ ഉൾപ്പെടേണ്ടവ.

- ആക്ടിവിറ്റി ലോഗ്
- മറ്റ് പഠനത്തെളിവുകൾ, ചിത്രങ്ങൾ, ശേഖരങ്ങൾ, രചനകൾ, പഠനോപകരണങ്ങൾ, ഐ.സി.ടി സാധ്യതകളിലൂടെ രൂപപ്പെടുത്തിയ സൃഷ്ടികൾ, തുടങ്ങിയവ
- സർഗാത്മക സൃഷ്ടികൾ
- വർക്ക്ഷീറ്റുകൾ

പോർട്ട്ഫോളിയോ വിലയിരുത്തലിന് താഴെ കൊടുത്ത സൂചകങ്ങൾ ഉപയോഗിക്കാം.

- ആശയവ്യക്തത
- ധാരണകളുടെ സ്വാംശീകരണം
- അനുയോജ്യമായ രൂപകല്പന
- പൂർണത
- തനിമ (Originality)

**പഠനപ്രക്രിയയുടെയും പോർട്ട്ഫോളിയോയുടെയും സ്കോർ കണക്കാക്കുന്ന രീതി**

ഓരോ പ്രവർത്തനത്തിലും മുകളിൽ സൂചിപ്പിച്ച സൂചകങ്ങൾ ഉപയോഗിച്ച് എല്ലാ കുട്ടികളെയും വിലയിരുത്തി സ്കോർ രേഖപ്പെടുത്തണമെന്നില്ല. സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ടേമിലെ മൊത്തം പ്രകടനത്തെയാണ് വിലയിരുത്തേണ്ടത്. ടീച്ചർ പ്ലാനറിലെ കുറിപ്പുകൾ, ആക്ടിവിറ്റി ലോഗിലെ രേഖപ്പെടുത്തലുകൾ എന്നിവയെ അടിസ്ഥാനമാക്കി ടേമിന്റെ ഒടുവിൽ ഇവയെ ക്രോഡീകരിച്ച് ഏറ്റവും മികച്ച പങ്കാളിത്തമുള്ളവർ, മികച്ച പങ്കാളിത്തമുള്ളവർ, ശരാശരി പങ്കാളിത്തമുള്ളവർ, ഇനിയും മെച്ചപ്പെടേണ്ടവർ എന്നിങ്ങനെ വിലയിരുത്തിയാണ് 4/3/2/1 സ്കോറുകൾ നൽകേണ്ടത്. 5 സൂചകങ്ങളും പരിശോധിച്ച് ഓരോ സൂചകത്തിനും സ്കോർ നൽകുമ്പോൾ പരമാവധി 20 സ്കോർ എന്ന് കണക്കാക്കാം.

- **യൂണിറ്റ്തല വിലയിരുത്തൽ**

ഒരു യൂണിറ്റിൽ വിവിധ പഠനനേട്ടങ്ങൾക്കുള്ള പ്രവർത്തനങ്ങൾ പരസ്പരബന്ധത്തോടെയാണ് വിന്യസിച്ചിരിക്കുന്നത്. ഇതിന് ഒരു സമഗ്രസ്വഭാവമുണ്ട്. ഒരു യൂണിറ്റിലെ പഠിതാവിന്റെ പഠനത്തെ വിലയിരുത്തുന്നതിലൂടെ ഈ സമഗ്രതാബോധത്തെയാണ് (മുഴുവൻ പഠനനേട്ടങ്ങളെയും പരിഗണിച്ച്) വിലയിരുത്തുന്നത്. നിലവിലുള്ള യൂണിറ്റ്തല വിലയിരുത്തൽ രീതികൾക്ക് പുറമേ വാചികമായ വിലയിരുത്തൽ, ക്വിസ് പ്രോഗ്രാം, ഓപ്പൺ ബുക്ക് വിലയിരുത്തൽ, ചോദ്യങ്ങൾ തയാറാക്കലും ഉത്തരസൂചിക കണ്ടെത്തലും, പുതിയ രചനകൾ വിലയിരുത്തൽ തുടങ്ങിയവയും യൂണിറ്റ് വിലയിരുത്തലിന് പരിഗണിക്കാവുന്നതാണ്. നിശ്ചിത യൂണിറ്റിലെ പഠനനേട്ടങ്ങളുടെ കാര്യത്തിൽ പഠിതാവ് എവിടെ നിൽക്കുന്നു എന്ന് തിരിച്ചറിയാൻ സഹായകമായ റേറ്റിങ്സ്കെയിൽ, ചെക്ക് ലിസ്റ്റ് തുടങ്ങിയവയും ഉപയോഗിക്കാവുന്നതാണ്. യൂണിറ്റ് വിലയിരുത്തൽ പഠനപ്രവർത്തനത്തോടൊപ്പം സ്വാഭാവികമായി നടക്കേണ്ടതാണ്.

യൂണിറ്റ് വിലയിരുത്തലിൽ പരിഗണിക്കപ്പെട്ട പ്രവർത്തനത്തിന്റെ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സ്കോർ നൽകി ടേമിന്റെ അവസാനത്തിൽ നിശ്ചിത ഫോർമാറ്റിൽ രേഖപ്പെടുത്തണം. ഇതിനുപയോഗിച്ച ടൂളിന്റെ സ്വഭാവമനുസരിച്ചുള്ള സൂചകങ്ങൾ ടീച്ചർ തയാറാക്കേണ്ടതാണ്. ഒരു ടേമിൽ ഒന്നിലധികം യൂണിറ്റ് വിലയിരുത്തൽ ഉണ്ടാകും എന്നതു കൊണ്ട് യൂണിറ്റ് വിലയിരുത്തലുകളുടെ ശരാശരിയാണ് ടേമിന്റെ ഒടുവിൽ ചേർക്കേണ്ടത്.

## CE സ്കോർ കണ്ടെത്തുന്ന രീതി

ഓരോ വിഷയത്തിന്റെയും പഠനപ്രക്രിയ, പോർട്ട്ഫോളിയോ, യൂണിറ്റ്തല വിലയിരുത്തൽ എന്നിവയിൽ ഓരോന്നിന്റെയും പരമാവധി സ്കോർ 20 ആയിരിക്കും. അവയുടെ ശരാശരി കണക്കാക്കി ടേംതല രേഖപ്പെടുത്തൽ നടത്താവുന്നതാണ്.

## ടേം വിലയിരുത്തൽ (TE)

ക്ലാസ്റൂം പ്രവർത്തനങ്ങളിലൂടെ ഓരോ പഠിതാവും എത്രത്തോളം പഠനനേട്ടങ്ങൾ കൈവരിച്ചുവെന്ന് ഓരോ ടേമിന്റെ അവസാനവും വിലയിരുത്തേണ്ടത് അനിവാര്യമാണ്. ഭാഷ വിഷയങ്ങളുടെ കാര്യത്തിൽ ടേമിൽ പരിഗണിക്കപ്പെട്ട യൂണിറ്റുകളിലെ പഠനനേട്ടങ്ങൾ ആസ്പദമാക്കി വ്യവഹാരരൂപങ്ങൾ, ഭാഷാവസ്തുതകൾ, ഭാഷാശേഷികൾ എന്നീ മേഖലകൾ പരിഗണിച്ചാവണം ടേം വിലയിരുത്തൽ. ഉള്ളടക്ക മേഖലകൾക്കും ശേഷികൾക്കും ഊന്നൽ നൽകിക്കൊണ്ട് വൈവിധ്യമുള്ള ചോദ്യമാതൃകകൾ ഉൾപ്പെടുത്താം. മറ്റു വിഷയങ്ങൾക്ക് ടേമിൽ പരിഗണിക്കപ്പെടുന്ന യൂണിറ്റുകളിലെ ഉള്ളടക്കമേഖലകളെ അടിസ്ഥാനമാക്കിയാണ് ടേം വിലയിരുത്തൽ നടത്തേണ്ടത്. പഠനനേട്ടങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന തരത്തിൽ ആശയങ്ങളും ശേഷികളും വിലയിരുത്തുന്നതിന് ഉതകുന്ന ചോദ്യങ്ങൾ ഇതിനായി തയാറാക്കാം.

ഓരോ യൂണിറ്റ്/ആശയമേഖലയ്ക്കും വിവിധ തലത്തിലുള്ള മാനസികപ്രക്രിയകൾക്കും (അറിവ് സ്വാംശീകരിക്കൽ/ ധാരണ നേടൽ, ആശയങ്ങൾ/ ധാരണകൾ എന്നിവയുടെ പ്രയോഗം, അപഗ്രഥനവും നിഗമനം രൂപീകരിക്കലും, വിലയിരുത്തൽ, സൃഷ്ടിപരത തുടങ്ങിയ മാനസികപ്രക്രിയകൾ) ശരിയായ വെയിറ്റേജ് നൽകിക്കൊണ്ട് ബ്ലൂപ്രിന്റ് തയാറാക്കി വൈവിധ്യമാർന്ന ചോദ്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വേണം ചോദ്യപേപ്പർ തയാറാക്കേണ്ടത്. ചോദ്യങ്ങൾക്കനുയോജ്യമായ സൂചകങ്ങൾ വികസിപ്പിക്കുകയും അവ അടിസ്ഥാനമാക്കി വിലയിരുത്തൽ നിർവഹിക്കുകയും വേണം.

പഠനപ്രവർത്തനത്തിന്റെ ഭാഗമായി നടക്കുന്ന പ്രാക്ടിക്കലുകൾ, അതിന്റെ രേഖപ്പെടുത്തലുകൾ എന്നിവ നിരന്തരമായി നടക്കേണ്ടതാണ്. പ്രാക്ടിക്കലുമായി ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾക്ക് പ്രാക്ടിക്കൽ ഡയറി ഉപയോഗിക്കേണ്ടതാണ്.

പ്രാക്ടിക്കൽ ഉള്ള വിഷയങ്ങളെ സംബന്ധിച്ച് പ്രാക്ടിക്കൽ പരീക്ഷ രണ്ടാം വർഷാന്ത്യത്തിൽ നടത്തേണ്ടതാണ്. ഒന്നും രണ്ടും വർഷങ്ങളിലെ പ്രാക്ടിക്കലിന്റെ രേഖപ്പെടുത്തൽ നടത്തിയ പ്രാക്ടിക്കൽ ഡയറിയും രണ്ടാം വർഷാവസാനം നടത്തുന്ന പ്രാക്ടിക്കൽ പരീക്ഷയും എക്സ്റ്റേണൽ എക്സാമിനർ പരിശോധിച്ച് സ്കോർ നൽകേണ്ടതാണ്.

### ആരോഗ്യ-കായിക വിദ്യാഭ്യാസം - വിലയിരുത്തൽ രീതി

ആരോഗ്യ-കായിക വിദ്യാഭ്യാസം ഒരു വൈജ്ഞാനിക വിഷയമെന്ന നിലയിൽ 2014-15 അധ്യയനവർഷം മുതൽ പരിഗണിക്കപ്പെടുകയാണ്. പഠിതാവിന്റെ ശാരീരികവും മാനസികവുമായ വികാസങ്ങൾ കൂടുതൽ പ്രബലമാകുന്നത് കൗമാരകാലഘട്ടത്തിലാണ്. ആരോഗ്യശീലങ്ങളെ സംബന്ധിച്ചും, കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും ശരിയായ ധാരണ നേടാനുള്ള അവസരം നൽകേണ്ടതുണ്ട്. ആരോഗ്യകായികവിദ്യാഭ്യാസത്തിൽ പ്രായോഗിക വിലയിരുത്തലാണ് നിർദേശിക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ആരോഗ്യകായികവിദ്യാഭ്യാസം - ഹയർ സെക്കന്ററി തലം സോഴ്സ് ബുക്കിൽ നൽകിയിട്ടുണ്ട്.

### സാമൂഹിക-വൈകാരിക മേഖലയിലെ വിലയിരുത്തൽ

വൈജ്ഞാനിക മേഖലയെപ്പോലെ തന്നെ പ്രധാനമാണ് സാമൂഹിക-വൈകാരിക മേഖലയിലെയും വിലയിരുത്തൽ. Learning to know, Learning to do, Learning to live together, Learning to be എന്നിവയുമായി ബന്ധപ്പെട്ട നൈപുണികളാണ് ഇവിടെ പരിഗണിക്കേണ്ടത്. സാമൂഹിക-വൈകാരിക മേഖലയിലെ വിലയിരുത്തലുമായി ബന്ധപ്പെടുത്തി ചുവടെ കൊടുത്തിരിക്കുന്ന നൈപുണികൾ വിലയിരുത്തപ്പെടേണ്ടതാണ്.

1 ആശയവിനിമയ ശേഷി
(Communication skills)

2 വ്യക്ത്യന്തര നൈപുണി
(Interpersonal skills)

3 സഹഭാവം (Empathy)

4 വികാരങ്ങളുമായി പൊരുത്തപ്പെടൽ (Coping with emotions)

5 മാനസിക സമ്മർദ്ദങ്ങളുമായി പൊരുത്തപ്പെടൽ
(Coping with Stress)

6 പ്രശ്നപരിഹരണ ശേഷി
(Problem solving skills)

7 തീരുമാനമെടുക്കൽ
(Decision making)

8 വിമർശനാത്മകചിന്ത
(Critical thinking)

9 സർഗാത്മകശേഷി
(Creative thinking skills)

10 സ്വയാവബോധം (Self-awareness)

വൈജ്ഞാനികമേഖലയിൽ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകർ തന്നെ ഇവയുടെ വിലയിരുത്തലും നിർവഹിക്കണം. അതത് വിഷയങ്ങളുടെ പ്രക്രിയാ വിലയിരുത്തലിന്റെ ഭാഗമായി ഈ വിലയിരുത്തലും നിർവഹിക്കേണ്ടതാണ്. ഇവിടെ പ്രക്രിയാശേഷി വിലയിരുത്തുന്നതോടൊപ്പം മൂല്യങ്ങൾ/മനോഭാവങ്ങൾ എന്നിവ രൂപപ്പെടുന്നതുമായി ബന്ധപ്പെട്ട വിലയിരുത്തൽകൂടി നടക്കണം.

സാമൂഹിക-വൈകാരിക മേഖലയിലെ പഠിതാവിന്റെ മികവിനെ സംബന്ധിക്കുന്ന ഗുണപരമായ ഇനങ്ങൾ കണ്ടെത്തി രേഖപ്പെടുത്തുകയാണ് വേണ്ടത്. ഓരോ പഠിതാവിന്റെയും ഗുണപരമായ നൈപുണികൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. ഈ മികവുകൾ ടീച്ചർ പ്ലാനറിലും, ക്രോഡീകരിച്ച വിവരം അനുബന്ധം 2 ലും രേഖപ്പെടുത്താവുന്നതാണ്.

**കലാപരവും സാമൂഹികവും സാംസ്കാരികവും തൊഴിൽപരവുമായ മികവുകൾ**

ഹയർസെക്കന്ററി തലത്തിലെ പഠിതാവിന്റെ സർവതോമുഖമായ വികസനം ഉറപ്പാക്കുന്നതിനായി പഠനത്തോടൊപ്പം തന്നെ ആസ്വാദനശേഷികളും, സർഗാത്മകമായിട്ടുള്ള കഴിവുകളും കലാവാസനകളും സാമൂഹിക സാംസ്കാരിക സേവന പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനുള്ള മനോഭാവവും രൂപപ്പെടുത്തേണ്ടതുണ്ട്. മാസത്തിലൊരിക്കലെങ്കിലും ഇപ്രകാരമുള്ള പരിപാടികളിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കണം. ഇതിനായി ഹയർസെക്കന്ററി തലത്തിൽ കലാവേദി, കരിയർ ഗൈഡൻസ്, സമൂഹബന്ധിത പ്രവർത്തനം, നാഷണൽ സർവീസ് സ്കീം, എൻ.സി.സി., വിവിധ ക്ലബ്ബുകൾ തുടങ്ങിയ പ്രയോജനപ്പെടുത്തേണ്ടതാണ്.

ഹയർസെക്കന്ററി തലത്തിൽ പഠിക്കുന്ന എല്ലാകുട്ടികളും ഏതെങ്കിലും പ്രവർത്തനത്തിൽ പങ്കാളികളാകണം. പങ്കാളിത്തത്തെ സംബന്ധിച്ച പഠിതാവിന്റെ മികവിന് പ്രത്യേകം ഗ്രേഡ് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

| | | |
|---|---|---|
| ഏറ്റവും മികച്ച പ്രവർത്തനത്തിന് | - | A ഗ്രേഡ് |
| മികച്ച പ്രവർത്തനത്തിന് | - | B ഗ്രേഡ് |
| പ്രവർത്തനം തൃപ്തികരം | - | C ഗ്രേഡ് |
| പങ്കാളിത്തം മാത്രം | - | D ഗ്രേഡ് |

**വിലയിരുത്തൽ –വാർഷികക്രോഡീകരണം**

ടേമിനൽ ആയി ലഭിക്കുന്ന സി.ഇ. സ്കോറുകൾ പരിഗണിക്കുമ്പോൾ 3 ടേമിലുമായി പഠിതാവിന് ലഭിച്ച ഏറ്റവും മികച്ച സ്കോർ ആണ് സി.ഇ. യുടെ വാർഷികമായുള്ള ഓവറാൾ സ്കോർ. ഇത് അനുബന്ധം-2 ൽ ഫോർമാറ്റിൽ ഫൈനൽ സ്കോർ എന്ന കോളത്തിൽ രേഖപ്പെടുത്താവുന്നതാണ്. ഓരോ വിഷയത്തെ സംബന്ധിച്ചുമുള്ള പഠിതാവിന്റെ അന്തിമമായ CE സ്കോർ ആണ് ഇത്. ഇനി ഓരോ വിഷയത്തിന്റേയും ടേർമിനൽ സ്കോറുകൾ (TE) കണ്ടെത്തുകയും തുടർന്ന് CE, TE എന്നിവയുടെ ആകെ സ്കോർ കാണുക. ഇതാണ് ഒരു വിഷയത്തിലെ പഠിതാവിന്റെ ആകെ സ്കോർ. പ്രാക്ടിക്കൽ ഉള്ള വിഷയങ്ങളെ സംബന്ധിച്ച് ആ സ്കോറുകൂടി പരിഗണിച്ചുകൊണ്ടാണ് ആകെ സ്കോർ കണക്കാക്കുന്നത്.

ഹയർ സെക്കന്ററിയിൽ ടെർമിനൽ പരീക്ഷ എന്നത് പൊതുപരീക്ഷ ആയതുകൊണ്ട് TE യിലെ എഴുത്തുപരീക്ഷ, പ്രാക്ടിക്കൽ എന്നിവയുടെ ഫൈനൽ സ്കോറുകൾ പൊതുപരീക്ഷയുടെ സ്കോർ തന്നെയായിരിക്കും.

സാമൂഹിക-വൈകാരിക മേഖലയിലെ നൈപുണികളിൽ ഓരോ പഠിതാവിനെ സംബന്ധിച്ചും മികച്ചവ അതിനായുള്ള കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. മികവ് തീരെ പ്രദർശിപ്പിക്കാത്ത നൈപുണികൾ മികവ് കൈവരിച്ചിട്ടില്ല എന്ന രീതിയിൽ രേഖപ്പെടുത്തേണ്ടതില്ല.

**ഗ്രേഡിങ് രീതി**

ഹയർസെക്കന്ററി തലത്തിൽ വൈജ്ഞാനിക വിഷയങ്ങളുടെ വിലയിരുത്തലിനായി ഗ്രേഡിങ് രീതിയാണ് ഉപയോഗിക്കുന്നത്. ഇതിനായി 9 പോയിന്റ് അബ്സൊല്യൂട്ട് ഗ്രേഡിങ് ഉപയോഗിക്കുന്നു.


ചുവടെ കൊടുത്തിരിക്കുന്ന പട്ടിക ഇതിനായി ഉപയോഗിക്കാവുന്നതാണ്.

| സ്കോർ ശതമാനം | ഗ്രേഡ് |
|---|---|
| 90 - 100 | A+ |
| 80 - 89 | A |
| 70 - 79 | B+ |
| 60 - 69 | B |
| 50 - 59 | C+ |
| 40 - 49 | C |
| 30 - 39 | D+ |
| 20 - 29 | D |
| Below 20 | E |

പഠിതാവ് ഉപരിപഠനത്തിന് യോഗ്യത നേടണമെങ്കിൽ ഹയർസെക്കന്ററി തലത്തിലെ ഓരോ വിഷയത്തിനും CE + TE (പൊതുപരീക്ഷ) പരിഗണിക്കുമ്പോൾ മിനിമം D+ ഗ്രേഡ് (30-39 ശതമാനം) എങ്കിലും നേടിയിരിക്കണം. ഇതോടൊപ്പം പൊതുപരീക്ഷ (TE) യ്ക്ക് പ്രത്യേകമായി മിനിമം D+ നേടുകയും വേണം.

ഇപ്രകാരം വൈജ്ഞാനിക തലത്തിലെയും സാമൂഹിക-വൈകാരിക തലത്തിലെയും പഠിതാവിന്റെ മികവുകൾ വിലയിരുത്തി പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. ഈ വിലയിരുത്തൽ നിരന്തരമായും സമഗ്രതയോടെയും നിർവഹിക്കുന്നതിനുവേണ്ടിയുള്ള കൂട്ടായ ശ്രമങ്ങൾ അത്യന്താപേക്ഷിതമാണ്. അവ സാധ്യമാക്കുന്നതിനുള്ള ക്ലസ്റ്റർതല കൂടിച്ചേരലുകളിലൂടെ വിലയിരുത്തൽ കൂടുതൽ സമ്പുഷ്ടമാക്കാൻ സാധിക്കുന്നതാണ്.

*വിലയിരുത്തൽ ഒറ്റനോട്ടത്തിൽ...*



## *Teacher Planner*

| | |
|---|---|
| Name of the unit/ lesson | : |
| Date | : |
| Expected time | : |
| Learning outcomes | : |
| Concepts / Ideas | : |
| Skills | : |
| Language elements (only for language ) | : |
| Discourses (only for language ) | : |
| Values, Attitudes | : |
| Learning aids | : |
| Expected Products | : |

| **Process Page** | **Assessment Page** |
|---|---|
| Process containing activities and assessment. | Assessment details should be included here. |

### Reflections

**My findings, realisations**

(Based on the ideas obtained through the assessment of learning activities)

- 
- 
- 

Extended Activities and Remedial Measures - Hints

- 
- 
- 

**അനുബന്ധം 4**

# മോണിറ്ററിംഗ്

പഠനം വിലയിരുത്തൽ എന്നിവ പോലെ മോണിറ്ററിംഗും നിരന്തരമായി നടക്കേണ്ടുന്ന പ്രക്രിയയാണ്. അക്കാദമിക് മോണിറ്ററിംഗിന് പല തലങ്ങളുണ്ട്. സ്കൂൾ സബ്ജക്റ്റ് കൗൺസിലുകൾ, പ്രിൻസിപ്പാൾ എന്നിവർ നിരന്തരമായും ക്ലാസ് മുറിയെ മോണിട്ടർ ചെയ്യാൻ ചുമതലപ്പെട്ടവരാണ്. സ്കൂളിനകത്തെ ഇത്തരം സംവിധാനങ്ങൾക്ക് പുറത്തും അക്കാദമികമായ മോണിറ്ററിംഗ് നടക്കേണ്ടതുണ്ട്. കുട്ടികൾ പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഉണ്ടാക്കിയിട്ടുള്ള ഉത്പന്നങ്ങളുടെ സൂക്ഷ്മപരിശോധനയോ അവർക്ക് നിരന്തര മൂല്യനിർണ്ണയത്തിന് ലഭിച്ച സ്കോറുകളുടെ ഓഡിറ്റിങ്ങോ അല്ല മോണിറ്ററിംഗിന്റെ ലക്ഷ്യവും മാർഗ്ഗവും. അധ്യാപകരുടെ മേൽ നടത്തപ്പെടുന്ന പരിശോധനയും അല്ല അത്. അധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായാണ് നാം മോണിട്ടറിംഗിനെ വിഭാവനം ചെയ്തിട്ടുള്ളത്.

പാഠ്യപദ്ധതി പരിഷ്കരണം ആവേശപൂർവ്വം പ്രാവർത്തികമാക്കിയ ആദ്യ ഘട്ടത്തിൽ ഈ സമീപനം ഉയർത്തിപ്പിടിച്ചിരുന്നെങ്കിലും കഴിഞ്ഞ കുറച്ച് വർഷങ്ങളായി നിരന്തര മൂല്യനിർണ്ണയവും മോണിറ്ററിംഗും യാന്ത്രികമാവാൻ തുടങ്ങിയിരുന്നു. രേഖപ്പെടുത്തപ്പെട്ട നിരന്തര മൂല്യനിർണ്ണയ ഫലങ്ങൾ അതുപോലെ കൈപ്പറ്റി തിരിച്ചു വരുന്ന, ഒട്ടും അക്കാദമികമല്ലാത്ത പ്രവർത്തനമായി അതു മാറി. മോണിട്ടറിംഗിന്റെയും അതുവഴി നിരന്തരമൂല്യനിർണ്ണയത്തിന്റെയും അന്തസത്തയെ കെടുത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ പാഠ്യപദ്ധതി പരിഷ്കരണത്തെതന്നെ ദുർബലപ്പെടുത്തുന്ന അവസ്ഥ സംജാതമാക്കി. നമ്മൾ നേരത്തെ വിഭാവനം ചെയ്ത മോണിറ്ററിങ്ങിനെ സംബന്ധിച്ച കാഴ്ചപ്പാടുകൾ ഉറപ്പിച്ചും തിരിച്ചുപിടിച്ചും മാത്രമേ പാഠ്യപദ്ധതി സമീപനത്തോട് നീതിപുലർത്താൻ കഴിയൂ.

**മോണിറ്ററിംഗ് പൊതുകാഴ്ചപ്പാട്.**

- മോണിറ്ററിംഗ് ഒരു അക്കാദമിക പ്രവർത്തനമാണ്.
- ക്ലാസ് റൂം വിനിമയത്തെ ശക്തിപ്പെടുത്തുകയാണ് മോണിറ്ററിംഗിന്റെ ലക്ഷ്യം.
- അധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായാണ് മോണിറ്ററിംഗിനെ നോക്കിക്കാണേണ്ടുന്നത്.
- കുട്ടികളുടെ അറിവുനിർമ്മാണപ്രക്രിയയിൽ പങ്കാളിയായി കൊണ്ട് മാത്രമേ ക്ലാസ് റൂം മോണിറ്ററിംഗ് സാർത്ഥകമാവുകയുള്ളൂ.
- ടീം ടീച്ചിങ്ങിന്റെ രീതിശാസ്ത്രമാണ് മോണിറ്ററിംഗിന് പ്രയോജനപ്പെടുത്തേണ്ടുന്നത്.
- ഒരേ വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകർക്ക് മാത്രമേ അതത് വിഷയത്തിൽ മോണിറ്ററിംഗ് ഫലപ്രദമായി നിർവ്വഹിക്കാൻ കഴിയുകയുള്ളൂ.
- മോണിറ്ററിംഗ് ടീമിനെ അതത് ക്ലസ്റ്ററുകളാണ് നിശ്ചയിക്കേണ്ടത്.
- മോണിറ്ററിംഗ് ടീം അംഗങ്ങൾ മോണിറ്റർ ചെയ്യേണ്ടുന്ന സ്കൂളിലെ അധ്യാപകരുമായി നേരത്തെ ബന്ധപ്പെടുകയും ക്ലാസ് മുറിയിൽ നടത്തേണ്ടുന്ന പ്രവർത്തനം ആസൂത്രണം ചെയ്യുകയും വേണം.
- നിരന്തരമൂല്യനിർണ്ണയം കൃത്യമായും സാധ്യമാക്കാൻ കഴിയുന്ന തരത്തിലുള്ള പഠന പ്രവർത്തനമാണ് ടീം ടീച്ചിങ്ങിനായി തിരഞ്ഞെടുക്കേണ്ടത്.
- കൃത്യമായ ദൈനംദിനാസൂത്രണ രേഖ (ടീച്ചർ പ്ലാനർ) ഈ പ്രവർത്തനത്തിന്റെ ക്ലാസ് റൂം നിർവ്വഹണത്തിനായി തയ്യാറാക്കണം.

- പഠനപ്രക്രിയയും ഉത്പന്നവും ക്ലാസ് റൂം വിനിമയത്തിന്റെ ഭാഗമായാണ് മോണിറ്ററിംഗ് ടീം വിലയിരുത്തേണ്ടുന്നത്.
- നേരിട്ടുള്ള ക്ലാസ് റൂം അനുഭവത്തിൽ നിന്ന് പഠിതാക്കളുടെ ശക്തി ദൗർബല്യങ്ങൾ തിരിച്ചറിയാൻ മോണിറ്ററിംഗ് ടീമിന് സാധിക്കേണ്ടതുണ്ട്.
- നേരിട്ട് തിരിച്ചറിഞ്ഞ പഠിതാക്കളുടെ നിലവാരവും നിരന്തരമൂല്യനിർണയത്തിന്റെ ഭാഗമായി നൽകപ്പെട്ട സ്കോറും തമ്മിൽ വലിയ അന്തരം ഉണ്ടെങ്കിൽ തുടർന്നുവരുന്ന ക്ലസ്റ്ററുകളിൽ ഇത്തരം കാര്യങ്ങൾ പൊതുവായി ചർച്ച ചെയ്യേണ്ടുന്നതാണ്.

**പൊതുനിർദ്ദേശങ്ങൾ**

- യഥാസമയം പ്രസിദ്ധീകരിക്കുകയും കുട്ടികൾക്ക് പരാതി സമർപ്പിക്കാൻ അവസരം നൽകുകയും ചെയ്തതിന് ശേഷമുള്ള നിരന്തരമൂല്യനിർണ്ണയ ഫലങ്ങൾ പ്രിൻസിപ്പാളിന്റെയും അതത് വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപികയുടെയും ഒപ്പോടുകൂടി മോണിറ്ററിംഗ് ടീം ശേഖരിക്കേണ്ടതാണ്.
- പരമാവധി നാല് പ്രവൃത്തിദിനങ്ങളിൽ കൂടുതൽ മോണിറ്ററിംഗ് ടീം അംഗങ്ങൾക്ക് സ്കൂളിൽ നിന്ന് മാറിനിൽക്കാൻ ഇടവരാത്ത രീതിയിൽ വേണം മോണിറ്ററിംഗ് ആസൂത്രണം ചെയ്യാൻ.
- റെഗുലർ അധ്യാപകർക്ക് മാത്രമേ മോണിറ്ററിംഗ് ചുമതല നൽകാൻ പാടുള്ളൂ.
- ഒരു ദിവസം രാവിലെയും ഉച്ചയ്ക്കുമായി രണ്ടു സ്കൂളുകളിൽ മാത്രമേ മോണിറ്ററിംഗ് ടീം സന്ദർശിക്കേണ്ടതുള്ളൂ.
- ചുരുങ്ങിയത് രണ്ടു മണിക്കൂറെങ്കിലും മോണിറ്ററിംഗ് ടീം സ്കൂളുകളിൽ ചെലവഴിക്കുന്നുണ്ടെന്ന് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തണം.
- സ്കൂൾ വിസിറ്റ് ബുക്കിൽ മോണിറ്ററിംഗ് ടീം സന്ദർശന വിവരം രേഖപ്പെടുത്തണം.
- മോണിറ്ററിംഗ് ടീമിനുള്ള ഡ്യൂട്ടി സർട്ടിഫിക്കറ്റുകൾ അതാത് സ്കൂളുകളിലെ പ്രിൻസിപ്പൽമാർ നൽകേണ്ടതാണ്.
- മോണിറ്ററിംഗ് ടീം സ്കൂൾ സന്ദർശിക്കുന്ന സമയത്ത് പിരിയേഡുകൾ സൗകര്യപ്രദമായ രീതിയിൽ ക്രമീകരിച്ച് നൽകാൻ പ്രിൻസിപ്പൽമാർ ശ്രമിക്കണം.
- ഒന്നാം വർഷക്ലാസുകളും രണ്ടാം വർഷ ക്ലാസുകളും ടീം മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.
- ജില്ലയിൽ/ സംസ്ഥാനത്തിൽ കുറച്ചു സ്കൂളുകളിൽ മാത്രം പഠിപ്പിക്കുന്ന വിഷയങ്ങളിൽ (Rare Subjects) ജില്ലകൾക്കകത്തോ ജില്ലകൾ മാറിയോ അധ്യാപക ലഭ്യതയ്ക്കനുസരിച്ച് മോണിറ്ററിംഗ് ടീം രൂപീകരിക്കേണ്ടതാണ്.
- ഒരു വിഷയത്തിന് ഒരു സ്കൂളിൽ ഒരു ബാച്ചിൽ മാത്രമേ ടീം ടീച്ചിംഗ് വഴിയുള്ള മോണിറ്ററിംഗ് ഈ വർഷം നടത്തേണ്ടതുള്ളൂ. (ഒന്നാം വർഷ ക്ലാസുകളിൽ മാത്രം).
- മോണിറ്ററിംഗ് ടീം സാക്ഷ്യപ്പെടുത്തിയ നിരന്തരമൂല്യനിർണയ രേഖകൾ അതത് സ്കൂളുകളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. ആവശ്യമുള്ള പക്ഷം ഹയർ സെക്കന്ററി ഡയറക്റ്ററേറ്റിന് രേഖകൾ പരിശോധിക്കാനുള്ള അവസരം ഒരുക്കണം.

# മോണിറ്ററിംഗ് ഫോർമാറ്റ്

**സ്കൂളിന്റെ പേര്** ____________________________________________

വിഷയം : ..................................................................

സന്ദർശിക്കുന്ന അധ്യാപകരുടെ പേര്, വിലാസം

(1) ..........................................................................................

..........................................................................................

(2) ..........................................................................................

..........................................................................................

സ്കൂളിൽ നിശ്ചിതവിഷയം പഠിപ്പിക്കുന്ന അധ്യാപകന്റെ/അധ്യാപികയുടെ പേര് :

(1) ..........................................................................................

(2) ..........................................................................................

(3) ..........................................................................................

സ്കൂൾ സന്ദർശിച്ച തീയതി : ..................................................................

സന്ദർശിച്ച ക്ലാസുകൾ :

| | | | | | | |
|---|---|---|---|---|---|---|
| XI | | | | | | |
| XII | | | | | | |

സന്ദർശനദിവസം ഓരോ ക്ലാസിലും ഉണ്ടായിരുന്ന വിദ്യാർത്ഥികളുടെ എണ്ണം

| ക്ലാസ് | ആകെ എണ്ണം | ഉണ്ടായിരുന്ന കുട്ടികളുടെ എണ്ണം |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |

*അധ്യാപകന്റെ/ അധ്യാപികയുടെ ഒപ്പ്*

*പ്രിൻസിപ്പാളിന്റെ ഒപ്പ്*

മോണിറ്ററിംഗ് ടീം അംഗങ്ങളുടെ പേരും ഒപ്പും

(1) ..........................................................................................

(2) ..........................................................................................

**അനുബന്ധം 5**

# ഹയർ സെക്കന്ററി – നിരന്തര മൂല്യനിർണയം

## പാഠാസൂത്രണ ചെക്ക്ലിസ്റ്റ്

| ക്രമ നമ്പർ | സൂചകം | അതെ | അല്ല |
|---|---|---|---|
| 1. | ജനവരി-ഫെബ്രുവരി മാസത്തിൽ വരുന്ന പാഠമാണ് തെരഞ്ഞെടുത്തത് | | |
| 2. | പാഠഭാഗം താഴെ പറയുന്ന തലങ്ങളിൽ വിശകലനം ചെയ്ത് രേഖപ്പെടുത്തിയിട്ടുണ്ട് | | |
| | 2.1 പാഠഭാഗത്തിലെ ആശയങ്ങൾ കണ്ടെത്തി എഴുതിയിട്ടുണ്ട് | | |
| | 2.2. പഠനനേട്ടങ്ങൾ എഴുതിയിട്ടുണ്ട് | | |
| | 2.3. പഠനപ്രവർത്തനങ്ങൾ പട്ടികപ്പെടുത്തിയുട്ടുണ്ട് | | |
| | 2.4. പഠന സാമഗ്രികൾ നിർണ്ണയിച്ചിട്ടുണ്ട് | | |
| | 2.5. പഠനപ്രക്രിയകൾ നിർണ്ണയിച്ചിട്ടുണ്ട് | | |
| | 2.6. പഠനസങ്കേതങ്ങൾ/തന്ത്രങ്ങൾ നിശ്ചയിച്ചിട്ടുണ്ട് | | |
| | 2.7. വ്യവഹാരരൂപങ്ങൾ ഭാഷാവസ്തുതകൾ കണ്ടെത്തിയിട്ടുണ്ട് (ഭാഷ)/ ആശയങ്ങൾ/ഉപാശയങ്ങൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്. (മറ്റുവിഷയങ്ങൾ) | | |
| | 2.8. പ്രക്രിയാശേഷികൾ കണ്ടെത്തിയിട്ടുണ്ട്/അനുയോജ്യമായ പ്രവർത്തനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. | | |
| | 2.9. ആവശ്യമായ പഠനസമയം നിർണ്ണയിച്ചിട്ടുണ്ട് | | |
| | 2.10 ഉല്പന്നങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. | | |
| 3. | വ്യക്തിഗതപ്രവർത്തനങ്ങൾക്കും സംഘപഠനത്തിനും അവസരമൊരുക്കുന്നുണ്ട്. | | |
| 4. | ഓരോപ്രവർത്തനവും സൂക്ഷ്മപ്രക്രിയ പാലിച്ച് തയ്യാറാക്കിയിട്ടുണ്ട്. | | |
| 5. | എല്ലാപ്രവർത്തനങ്ങളിലും എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. | | |
| 6. | നിരന്തരവിലയിരുത്തൽ (സ്വയം, പരസ്പരം, ടീച്ചറുടെ സഹായത്തോടെ) സന്ദർഭങ്ങൾ നൽകിയിട്ടുണ്ട് | | |
| 7. | പ്രവർത്തനങ്ങൾക്കായുള്ള നിർദ്ദേശങ്ങൾ വ്യക്തതയോടെ നൽകിയിട്ടുണ്ട്. | | |
| 8. | ആശയരൂപീകരണത്തിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും ആവശ്യമായ അധിക/പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. | | |
| 9. | ടീച്ചേർസ് വേർഷൻ/ചർച്ചാക്കുറിപ്പുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. | | |
| 10. | ഭിന്നനിലവാരക്കാരെ പരിഗണിക്കുന്നതരത്തിൽ ആസൂത്രണം നടത്തിയിട്ടുണ്ട്. ഇതിനാവശ്യമായ വിഭവങ്ങൾ കണ്ടെത്തിയിട്ടുണ്ട്. | | |
| 11. | ആശയഗ്രഹണത്തിനാവശ്യമായ സവിശേഷ പ്രവർത്തനങ്ങൾ (ആശയഭൂപടം, വർക്ക്ഷീറ്റുകൾ...) ഉറപ്പാക്കിയിട്ടുണ്ട്. | | |
| 13. | പ്രവർത്തനങ്ങൾ കുട്ടികളുടെ നിലവാരവുമായി പൊരുത്തപ്പെടുന്നവയാണ് | | |
| 14. | പ്രവർത്തനങ്ങൾ നിശ്ചിത ശേഷികൾ നേടുന്നതിനു സഹായകമാണ്. | | |
| 15. | ടീച്ചറുടെ നിരീക്ഷണങ്ങൾ, വിലയിരുത്തൽ (പ്രതികരണ പേജ്) എന്നിവ രേഖപ്പെടുത്തുന്നതിനുള്ള സൂചനകൾ നൽകിയിട്ടുണ്ട്. | | |

**സ്കൂളിന്റെ പേര്** ______________________________ **വിഷയം** ____________________

**അധ്യാപകന്റെ പേര്** ______________________________ **തീയതി** ____________________

**അനുബന്ധം 6**

# ക്ലാസ്റൂം വിനിമയ
# നിരീക്ഷണരേഖ

**സ്കൂളിന്റെപേര്**__________________________**അധ്യാപകന്റെ പേര്**______________________________

**ക്ലാസ്** ________________________________________ **വിഷയം** ________________________________

ഉചിതമായതിനുനേരെ ✓ അടയാളമിടുക. ആവശ്യമുള്ളിടത്ത് പൂരിപ്പിക്കുക.

| ക്രമ നം. | ക്ലാസ്സിന്റെ സവിശേഷതകൾ | വളരെ മികച്ചത് | മികച്ചത് | മെച്ചപ്പെടേണ്ടതുണ്ട് | പ്രസക്തമായ മറ്റ് നിരീക്ഷണങ്ങൾ |
|---|---|---|---|---|---|
| 1. | പാഠഭാഗങ്ങളുടെ അവതരണം | | | | |
| 2. | ആശയങ്ങളും ഉപാശയങ്ങളും കുട്ടികളിൽ രൂപപ്പെടുന്നതിൽ പഠനപ്രവർത്തനങ്ങളുടെ അനുയോജ്യത | | | | |
| 3. | പ്രവർത്തനങ്ങളിൽ ആശയങ്ങളുടെ തുടർച്ച | | | | |
| 4. | വിനിമയ തന്ത്രങ്ങളുടെ അനുയോജ്യത | | | | |
| 5. | ഐ.സി.റ്റി സാധ്യതകളുടെ പ്രയോജനപ്പെടുത്തൽ | | | | |
| 6. | അനുയോജ്യമായ മറ്റ് പഠനസാമഗ്രികളുടെ ഉപയോഗം | | | | |
| 7. | ആശയങ്ങളുടെ ചാക്രികാരോഹണം ഉറപ്പുവരുത്തൽ | | | | |
| 8. | അനുയോജ്യമായ പ്രക്രിയ വിലയിരുത്തൽ തന്ത്രങ്ങളുടെ പ്രയോഗം | | | | |
| 9. | പ്രവർത്തനങ്ങൾക്കായുള്ള നിർദ്ദേശങ്ങളുടെ വ്യക്തതയും കൃത്യതയും | | | | |
| 10. | അവതരണങ്ങളുടെ ഉചിതമായ ക്രോഡീകരണം | | | | |
| 11. | ഭിന്നനിലവാരക്കാരെ പരിഗണിക്കുന്ന തരത്തിൽ പഠനപ്രവർത്തനത്തിന്റെ ആസൂത്രണം | | | | |
| 12. | പോർട്ട് ഫോളിയോ വിലയിരുത്തലിന്റെ അനുയോജ്യമായ പ്രയോഗം | | | | |
| 13. | വിലയിരുത്തൽ പ്രക്രിയയിൽ പഠിതാക്കളുടെ പങ്കാളിത്തം | | | | |
| 14. | പഠനപ്രക്രിയയുടെ ഭാഗമായി വിലയിരുത്തൽ തന്ത്രങ്ങളുടെ പ്രയോഗം | | | | |